بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 8 | ലക്കം 15

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

**2023 ഏപ്രിൽ 13/ ഹി.ശം 1402 ശഹാദത്ത് 13/ ഹി:ഖ 1444 റമളാൻ 21**


## അല്ലാഹുവിന്റെ വചനം

شَهۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡهِ الۡقُرۡاٰنُ

هُدًی لِّلنَّاسِ وَبَیِّنٰتٍ مِّنَ الۡهُدٰی وَالۡفُرۡقَانِ ۚ

فَمَنۡ شَهِدَ مِنۡکُمُ الشَّهۡرَ فَلۡیَصُمۡهُ (بقرہ:186)

'സമസ്ത മനുഷ്യർക്കും സന്മാർദായകവും മാർഗദർശനത്തിന്റേയും സത്യാസത്യ വിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ.'(2:186)


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ തിരുമൊഴികൾ

### നോമ്പു പരിചയാകുന്നു:

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ''അല്ലാഹു പറയുന്നു, നോമ്പൊഴിച്ചുള്ള മനുഷ്യന്റെ മറ്റെല്ലാ കർമങ്ങളും അവനുതന്നെയുള്ളതാണ്; നോമ്പെനിക്കും. ഞാൻ തന്നെ അതിനു പ്രതിഫലമാകും. (അതായത് നോമ്പിനുള്ള പ്രതിഫലമായി അവർക്കെന്നെ കാണാൻ കഴിയും). നോമ്പ് പരിചയാകുന്നു. ആയതിനാൽ നിങ്ങളിലാരെങ്കിലും നോമ്പിലാണെങ്കിൽ അയാൾ അനാവശ്യം പറയുകയോ ബഹളമുണ്ടാക്കുകയോ ചീത്ത പറയുകയോ ചെയ്യരുത്. അഥവാ ആരെങ്കിലും വഴക്കിന് വന്നാൽ ഞാൻ നോമ്പുകാരനാണ് എന്നയാൾ പറയട്ടെ. ആരുടെ കൈയിലാണോ മുഹമ്മദിന്റെ ജീവനിരിക്കുന്നത്, അവനാണ! നോമ്പുകാരന്റെ വായിലെ മണം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയെക്കാൾ പരിശുദ്ധവും പ്രിയങ്കരവുമാകുന്നു. നോമ്പുകാരന് രണ്ട് ആനന്ദമാണുള്ളത്. ഒന്ന് നോമ്പു മുറിക്കുമ്പോഴും മറ്റൊന്ന് നോമ്പുകാരണം തന്റെ നാഥനെ കണ്ടുമുട്ടുമ്പോഴും.(ബുഖാരി കിതാബുസ്സൗം, ബാബു ഹൽ യഖൂലു ഇന്നീ സ്വാഇമുൻ ഇദാ ശുതിമ, ഹദീത്തുസ്സ്വാലിഹീൻ ഹദീഥ് 268, മലിക് സയ്ഫുർറഹ്മാൻ സാഹിബ്)




ജുമുഅ ഖുത്വ്ബ 2023 മാർച്ച് 10 (സമ്പൂർണ തർജമ)

2022 ജർമനി ജൽസാ സാലാന സമാപന സമ്മേളനത്തിൽ അമീറുൽ മുഅ്മിനീന്റെ പ്രൗഢഗംഭീരമായ പ്രഭാഷണം

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം


یٰۤاَیُّهَا الَّذِیۡنَ اٰمَنُوۡا کُتِبَ عَلَیۡکُمُ الصِّیَامُ

**വിശ്വാസികളേ! നിങ്ങൾക്ക് വ്യതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.**

وَاَنۡ تَصُوۡمُوۡا خَیۡرٌ لَّکُمۡ اِنۡ کُنۡتُمۡ تَعۡلَمُوۡنَ

**നിങ്ങൾ ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ**

یٰۤاَیُّهَا الَّذِیۡنَ اٰمَنُوۡا کُتِبَ عَلَیۡکُمُ الصِّیَامُ کَمَا کُتِبَ عَلَی الَّذِیۡنَ مِنۡ قَبۡلِکُمۡ لَعَلَّکُمۡ تَتَّقُوۡنَ ﴿۱۸۴﴾ اَیَّامًا مَّعۡدُوۡدٰتٍ ؕ فَمَنۡ کَانَ مِنۡکُمۡ مَّرِیۡضًا اَوۡ عَلٰی سَفَرٍ فَعِدَّۃٌ مِّنۡ اَیَّامٍ اُخَرَ ؕ وَعَلَی الَّذِیۡنَ یُطِیۡقُوۡنَهٗ فِدۡیَۃٌ طَعَامُ مِسۡکِیۡنٍ ؕ فَمَنۡ تَطَوَّعَ خَیۡرًا فَهُوَ خَیۡرٌ لَّهٗ ؕ وَاَنۡ تَصُوۡمُوۡا خَیۡرٌ لَّکُمۡ اِنۡ کُنۡتُمۡ تَعۡلَمُوۡنَ ﴿۱۸۵﴾ (بقرہ: 184-185)

**തർജമ**: "വിശ്വാസികളേ! നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.(നിങ്ങൾ ധാർമികവും ആത്മീയവുമായ ന്യൂനതകളിൽനിന്ന് സുരക്ഷിതരാകും(വിധം) ദോഷബാധയെ സൂക്ഷിക്കാൻവേണ്ടി. ഈ (വ്രതാനുഷ്ഠാനം)ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ, നിങ്ങളിലാരെങ്കിലും(താൽക്കാലികമായി) രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ(അവർ) എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായ്ശ്ചിത്തം നല്കുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം(പ്രായശ്ചിത്തമായി) നല്കേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്കു ഗുണകരമായിരിക്കും. നിങ്ങൾ(കാര്യം)ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ."

**ആത്മചൈതന്യത്തിന് ഉത്തമമാസമാണിതെന്ന് സ്വൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി വെളിപ്പെടുത്തലുകൾ(മുകാശഫാത്ത്)ഉണ്ടാകുന്നു. സ്വലാത്ത്(നമസ്കാരം) ആത്മസംസ്കരണം നടത്തുന്നു. സ്വൗം(നോമ്പ്)ആത്മാവിനെ തേജസ്വത് ആക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) പറയുന്നു: **ശഹ്റു റമളാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ**(2:186) (ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ) എന്നതിൽനിന്ന് റമളാനിന്റെ ശ്രേഷ്ഠത മനസ്സിലാകുന്നു. ആത്മചൈതന്യത്തിന് ഉത്തമമാസമാണിതെന്ന് സ്വൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി വെളിപ്പെടുത്തലുകൾ(മുകാശഫാത്ത്)ഉണ്ടാകുന്നു. സ്വലാത്ത്(നമസ്കാരം) ആത്മസംസ്കരണം നടത്തുന്നു. സ്വൗം(നോമ്പ്) ആത്മാവിനെ തേജസ്വത് ആക്കുന്നു. ആത്മസംസ്കരണം കൊണ്ടുള്ള ഉദ്ദേശ്യം ദോഷപ്രവണമായ ആത്മാവിന്റെ കാമവാസനകളിൽനിന്ന് അകൽച്ച കൈവരിക എന്നതാണ്. ആത്മാവിനെ തേജസ്വത്താക്കുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം കശ്ഫിന്റെ(ജാഗ്രദർശനം) കവാടം അവനിൽ തുറക്കുക എന്നതാണ്. അതായത് അല്ലാഹുവിനെ കാണുക. **ഉൻസില ഫീഹിൽ ഖുർആൻ** എന്നതിൽ ഈ സൂചനയാണുള്ളത്. നോമ്പിന്റെ പ്രതിഫലം മഹത്തായതാണെന്നതിൽ ഒരു സംശയവുമില്ല. പക്ഷേ, രോഗങ്ങളും അഭിലാഷങ്ങളും ഈ നിഅ്മത്തിൽനിന്ന് മനുഷ്യനെ മാറ്റി നിറുത്തുന്നു. എനിക്കോർമയുണ്ട്, നോമ്പുപിടിക്കുക എന്നത് അഹ്ലെ ബയ്ത്തിന്റെ സുന്നത്താണെന്ന് യുവത്വകാലത്ത് ഞാൻ ഒരു പ്രാവശ്യം സ്വപ്നത്തിൽ കണ്ടു. എന്നെ കുറിച്ച് അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: *സൽമാനു മിന്നാ അഹ്ലുൽബയ്ത്തി സൽമാൻ* അതായത് 'അസ്സ്വുൽഹാൻ' ആ വ്യക്തിയുടെ കൈയാൽ രണ്ടു സ്വുൽഹ് ഉണ്ടാകുന്നതായിരിക്കും. ഒന്ന് ആഭ്യന്തരമായത്. രണ്ടാമത്തേത് പുറത്തുള്ളത്. ഇദ്ദേഹം തന്റെ ജോലി സൗമ്യതയോടെ ചെയ്യുന്നതായിരിക്കും;വാളുകൊണ്ടല്ല. ഞാൻ യുദ്ധം ചെയ്ത മശ്റബെ ഹുസയ്നിന്റെ പാനസ്ഥലത്തല്ല ഉള്ളത്. പ്രത്യുത യുദ്ധം ചെയ്യാത്ത മശ്റബെ ഹസനിന്റെ പാനസ്ഥലത്താണുള്ളത്. ഇത് നോമ്പു പിടിക്കുന്നതിലേക്കുള്ള സൂചനയാണെന്ന് ഞാൻ മനസ്സിലാക്കി. അങ്ങനെ ഞാൻ ആറുമാസംവരെ നോമ്പു നോറ്റു. ഇതിന്നിടയിൽ പ്രകാശങ്ങളുടെ സ്തംഭങ്ങളുടെ സ്തംഭം ആകാശത്തിൽ പൊയ്ക്കൊണ്ടിരിക്കുന്നതായി ഞാൻ കണ്ടു. പ്രകാശങ്ങളുടെ ഈ സ്തംഭങ്ങൾ ഭൂമിയിൽ നിന്നാണോ ആകാശത്തിൽ പോകുന്നത് അതോ എന്റെ ആത്മാവിൽനിന്നാണോ പോകുന്നതെന്ന് വ്യക്തമല്ല. പക്ഷേ, ഇതെല്ലാം യുവത്വകാലത്ത് നടക്കുമായിരുന്നു. അക്കാലത്ത് ഞാനാഗ്രഹിച്ചിരുന്നെങ്കിൽ നാലു വർഷംവരെ നോമ്പു പിടിക്കാൻ എനിക്കു കഴിയുമായിരുന്നു.

*നിശാത്വേ നൗജവാനീ താ ബഹ്സ്സീ സാൽ ചൗ ചഹ്ൽ ആമദെ ഫറോ റേസ് പർ വബാൽ*

യുവത്വത്തിന്റെ അവധി മുപ്പതു വയസ്സുവരെയാണ്. നാൽപതു വയസ്സാകുമ്പോൾ എല്ലാ മുടിയും ചിറകും കൊഴിഞ്ഞുപോകുന്നു.

ഇപ്പോൾ നാല്പതു വയ്സ്സ് കഴിഞ്ഞു. ഇപ്പറഞ്ഞതല്ലെ എന്ന് ഞാൻ നോക്കുകയാണ്. ആദ്യകാലത്ത് ബട്ടാലവരെ പലപ്പോഴും നടന്നുപോകുകയും മടങ്ങിവരികയും ചെയ്തിരുന്നു. എന്തെങ്കിലും ക്ഷീണമോ ബലഹീനതയോ ഒന്നും എനിക്കുണ്ടായിരുന്നില്ല. ഇപ്പോൾ നാലഞ്ചുമൈൽ നടക്കുമ്പോൾത്തന്നെ ബുദ്ധിമുട്ടുണ്ടാകുന്നു. നാല്പതു വർഷത്തിനുശേഷം ശരീരോഷ്മാവ് കുറയാൻ തുടങ്ങുന്നു. രക്തം കുറച്ചേ ഉണ്ടാകുന്നുള്ളു. മനുഷ്യനുമേൽ ദുഃഖത്തിന്റേയും വ്യസനത്തിന്റേയും പല വിഷമങ്ങൾ കടന്നുപോകുന്നു. കൂടുതൽ സമയം വിശന്നിരുന്നാൽ ആരോഗ്യം അസ്വസ്ഥമാകാൻ തുടങ്ങുന്നു.(മൽഫൂദാത്ത് വാല്യം 2, പേജ് 561, പ്രസാധനം ഖാദിയാൻ 2003)


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

ഈ മുഅ്ജിസത്ത് അഥവാ ദിവ്യാത്ഭുതം വിശുദ്ധ ഖുർആനുമാത്രം സ്വന്തമാണ്.
അതിൽ സാന്ദർഭിക വാഗ്വിലാസവും വാക്യഘടനാവൈഭവവുമുണ്ട്, സത്യസന്ധതയുമുണ്ട്, യുക്തിജ്ഞാനത്തിന്റെ കാര്യങ്ങളുമുണ്ട്.

ഏതു കാര്യത്തിലാണോ ക്രിസ്ത്യാനികൾ അഭിമാനിക്കുന്നത് ആ എല്ലാ സത്യതകളും സ്ഥായിയായ നിലയിലും അങ്ങേയറ്റം പൂർണതയോടുംകൂടി വിശുദ്ധ ഖുർആനിലുണ്ട്.

**"ഹദീഥ് ന്യായാധിപനല്ല പ്രത്യുത ഖുർആനാണ് അതിനുമേൽ ന്യായാധിപൻ."**
**(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

"വിശുദ്ധ ഖുർആനിൽ കൽപനകളിറങ്ങിയപ്പോൾ നബി(സ)തിരുമേനി അതിനെ പ്രാവർത്തിക രൂപത്തിൽ ചെയ്തും ചെയ്യിച്ചും കാണിച്ചു. ഒരു മാതൃക സ്ഥാപിച്ചു. ഈ മാതൃകയില്ലായിരുന്നെങ്കിൽ ഇസ്ലാം മനസ്സിലാകുമായിരുന്നില്ല. പക്ഷേ, അസൽ ഖുർആനാണ്."
(ഹദ്റത്ത് മസീഹ് മൗഊദ്(അ))

"വിശുദ്ധ ഖുർആനിന്റെ അമാനുഷികതതന്നെയാണിത്: അതിൽ എല്ലാ പദങ്ങളും എങ്ങനെയുള്ള മുത്തുകൾപോലെയാണ് കോർത്തിണക്കപ്പെട്ടിരിക്കുന്നതെന്നാൽ ഏതെങ്കിലുമൊന്നിനെ അതിന്റെ സ്ഥാനത്ത് നിന്നെടുത്ത് മറ്റൊരു സ്ഥലത്ത് വെക്കാനോ ഏതെങ്കിലും ഒന്നിനെ എടുത്തുമാറ്റി തൽസ്ഥാനത്ത് വേറൊരു പദം വെക്കാനോ സാധ്യമല്ല. പക്ഷേ, അങ്ങനെയാണെങ്കിലും അതിന്റെ പ്രാസങ്ങളുടേയും വാക്ചാതുര്യത്തിന്റേയും വാക്യഘടനാ വൈഭവത്തിന്റേയും എല്ലാ സാമഗ്രികളും ഉണ്ടുതാനും."
(ഹദ്റത്ത് മസീഹ് മൗഊദ്(അ))

"തനിക്ക് പ്രവചനങ്ങൾ ചെയ്യാൻ പറ്റുമെന്നോ തന്നിൽനിന്ന് അത്ഭുതങ്ങൾ വെളിപ്പെടുന്നുവെന്നോ വാദിക്കാൻ സാധിക്കുന്ന മറ്റൊരു മതമോ മതാനുയായിയോ ഇക്കാലത്തില്ല. ഇതിന്റെ അടിസ്ഥാനത്തിൽ വിശുദ്ധ ഖുർആനിന്റെ ദിവ്യാത്ഭുതം മറ്റെല്ലാ ഗ്രന്ഥങ്ങളുടേയും ദിവ്യാത്ഭുതങ്ങളെക്കാൾ ഉയർന്നതാണ്."

"അസാധുവായ മറ്റു മതങ്ങളെ ഖണ്ഡിക്കുകയും അവയുടെ തെറ്റായ അധ്യാപനങ്ങളെ പരസ്യപ്പെടുത്തുകയും ചെയ്യുക എന്നത് വിശുദ്ധ ഖുർആനിന്റെ അന്തസ്സാണെന്നതിനോടൊപ്പംതന്നെ അസലും യഥാർഥവുമായ അധ്യാപനം അത് അവതരിപ്പിക്കുകയും ചെയ്യുന്നു."
(ഹദ്റത്ത് മസീഹ് മൗഊദ്(അ))

**വിശുദ്ധ ഖുർആൻ സരളമായൊരു ഗ്രന്ഥമാകുന്നു.**

വളരെ സാധാരണമായ മാർഗമാണ്. ചെയ്യാനുള്ള കൽപനകൾ, ബാഹ്യമായി നിങ്ങൾക്ക് കാണാൻ കഴിയുന്ന കൽപനകൾ, അതനുസരിച്ച് പ്രവർത്തിക്കുക. ഏതിൽനിന്നാണോ തടഞ്ഞിട്ടുള്ളത് അത് ചെയ്യാതിരിക്കുക. അതുകൊണ്ട് അല്ലാഹു സന്തോഷിക്കുന്നതായിരിക്കും.

ബംഗ്ലാദേശിലെ ജൽസസാലാനയുടെമേൽ കലാപകാരികൾ നടത്തിയ ആക്രമണത്തിൽ ശഹീദായ സാഹിദ് ഹുസയ്ൻ സാഹിബിനു പുറമെ അൽജീരിയായിലെ കമാൽ ബദാഹ് സാഹിബ്, കനഡയിലെ ഡോക്ടർ ശമീം അഹ്മദ് മലിക് സാഹിബ, ജർമനിയിലെ ഫർഹാദ് അഹ്മദ് അമീനീ സാഹിബ്, കനഡയിലെ ചൗദരീ ജാവേദ് അഹ്മദ് ബിസ്മിൽ സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ ഖുത്ബ ജുമുഅ 2023 മാർച്ച് 10/1402 അമാൻ 10**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഈയിടെയായി ഖുത്ബകളിൽ വിശുദ്ധ ഖുർആനിന്റെ നന്മകളെ കുറിച്ചാണ് പറഞ്ഞുവരുന്നത്.സവിശേഷ ഗുണങ്ങളെ കുറിച്ചാണ് പറഞ്ഞുവരുന്നത്. മഹത്ത്വത്തേയും ശ്രേഷ്ഠതകളേയും കുറിച്ചാണ് ഇപ്പോൾ ഖുത്ബകൾ നല്കിവരുന്നത്. അതിന്റെ നന്മകളും സവിശേഷ ഗുണങ്ങളും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ഞാൻ സത്യമായും പറയുന്നു, വിശുദ്ധ ഖുർആൻ തികവുറ്റ സമ്പൂർണ ഗ്രന്ഥമാകുന്നു. ഒരു ഗ്രന്ഥത്തിനും അതിനെ നേരിടാൻ സാധ്യമല്ല" ഉദാഹരണമെന്ന നിലയിൽ അദ്ദേഹം പറയുന്നു: "**ഹുദൻല്ലിൽ മുത്തഖീൻ**' എന്ന് വിശുദ്ധ ഖുർആൻ പറഞ്ഞതുപോലുള്ള വല്ല ശ്രുതിയും അതിനെ നേരിടാൻ വേദത്തിലുണ്ടോ? വായ കൊണ്ടുള്ള ഏറ്റു പറച്ചിലിന് എന്തെങ്കിലും പ്രസക്തിയുണ്ടെങ്കിൽ, അതായത് അതിന്റെ ഫലങ്ങൾക്കും നേട്ടങ്ങൾക്കും ആവശ്യമില്ലെങ്കിൽ അപ്പോൾപ്പിന്നെ മുഴുലോകവും ഏതെങ്കിലുമൊക്കെ തരത്തിൽ ദൈവമുണ്ടെന്ന് സമ്മതിക്കുന്നുണ്ട്. ഭക്തിയേയും ആരാധനയേയും ദാനധർമങ്ങളേയും നല്ലതായി മനസ്സിലാക്കുകയും ചെയ്യുന്നു. ഏതൊരെങ്കിലുമൊക്ക വിധത്തിൽ ഇക്കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. അങ്ങനെ വരുമ്പോൾ വേദങ്ങൾ വന്ന് ലോകത്തിന് എന്താണ് പ്രദാനം ചെയ്തത്?" ഇവിടംവരെ ഹിന്ദുക്കൾക്ക് ഈ മറുപടി നല്കുകയായിരുന്നു, 'ഒന്നുകിൽ വേദത്തെ വിശ്വസിക്കാത്തവരിൽ നന്മൾ ഒട്ടുമില്ലെന്ന് സ്ഥാപിച്ചു കാണിക്കുക. അല്ലെങ്കിൽ വിവേചനപരമായ മറ്റെന്തെങ്കിലും അടയാളം പറയുക." അവിടന്ന് പറയുന്നു: വിശുദ്ധ ഖുർആൻ എവിടെനിന്നാണോ ആരംഭിച്ചത് ആത്മാവിന്റെ പ്രകൃതി ആവശ്യപ്പെടുന്ന അഭിവൃദ്ധികൾ അവിടെ വാഗ്ദാനം ചെയ്തിരിക്കുന്നു. ഫാതിഹ എന്ന അധ്യായത്തിൽ **ഇഹ്ദിസ്സിറാത്തൽ മുസ്തഖീം** ന്റെ പാഠം നല്കി. എന്നിട്ട് പറഞ്ഞു, നിങ്ങൾ ഇങ്ങനെ ദുആ ചെയ്യുക. അല്ലാഹുവേ!ഞങ്ങൾക്ക് നേരായ മാർഗം കാണിച്ചുതന്നാലും. സന്മാർഗം നല്കുന്നതിന് ഈ ദുആയും നല്കി. അങ്ങനെ ദുആ നല്കിയ സ്ഥിതിക്ക് അതിന്റെ അർഥം താൻ നേരായ മാർഗത്തിൽ നടത്തുമെന്ന വാഗ്ദാനവും അല്ലാഹു ചെയ്തുവെന്നാണ്. വീണ്ടും പറഞ്ഞു: ആ നേരായ മാർഗം എന്നു പറയുന്നത് നിന്റെ ആദരവും സമ്മാനവുമുണ്ടായിട്ടുള്ളവരുടെ വഴിയാണ്. ഈ ദുആയോടൊപ്പംതന്നെ ബഖറ അധ്യായത്തിന്റെ ആദ്യത്തെ ആയത്തിൽ ഈ സന്തോഷവാർത്തയും നല്കി, **ദാലിക്കൽ കിതാബു ലാ റയ്ബ ഫീഹി ഹുദൻല്ലിൽ മുത്തഖീൻ**(2:3)ഹിദായത്തിനുള്ള ദുആ പഠിപ്പിച്ചിട്ടുണ്ടെങ്കിൽ അതു കരസ്ഥമാക്കുന്നതിന്, അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിന് ഒരു പ്രവർത്തന രൂപരേഖയും പറഞ്ഞുതന്നു. ഇതു ഗ്രന്ഥമാണ്. ഇതനുസരിച്ച് പ്രവർത്തിക്കുന്ന തുകൊണ്ട് നിങ്ങൾക്ക്, മുത്തഖീങ്ങൾക്ക് സന്മാർഗം ലഭിക്കുന്നതാണ്. "ആയതുപോലെ ആത്മാക്കൾ ദുആ ചെയ്യുകയും അതോടൊപ്പം തന്നെ സ്വീകാര്യത അതിന്റെ പ്രഭാവവും കാണിക്കുന്നു. വിശുദ്ധ ഖുർആനിന്റെ ഇറക്കത്തിന്റെ രൂപത്തിൽ ദുആ സ്വീകരിക്കുമെന്ന വാഗ്ദാനം പൂർത്തിയാകുന്നു. ഒരു ഭാഗത്ത് ദുആയാണ്. മറുഭാഗത്ത് അതിന്റെ ഫലവുമുണ്ട്. ഇത് അല്ലാഹുവിന്റെ കൃപയും ഉദാരതയുമാണ്. അത് അവൻ തന്നതാണ്. എന്നാൽ, ഖേദകരമെന്നു പറയട്ടെ! ലോകം അതിൽ അജ്ഞരാണ്. അശ്രദ്ധരാണ്. അതിൽനിന്ന് അകന്നുപോയി നശിച്ചുകൊണ്ടിരിക്കുന്നു."

അവിടന്ന് പറയുന്നു: "അല്ലാഹു വിശുദ്ധഖുർആനിന്റെ ആരംഭത്തിൽ പറഞ്ഞിട്ടുള്ള മുത്തഖീ

ങ്ങളുടെ സിഫത്തുകളെ അഥവാ വിശേഷഗുണങ്ങളെ സാധാരണ സിഫത്തുകളായി വെച്ചിരിക്കുന്നു. എന്നാൽ, ഒരാൾ വിശുദ്ധഖുർആനിൽ വിശ്വസിച്ചുകൊണ്ട് അതിനെ തന്റെ സന്മാർഗത്തിനുള്ള പ്രവർത്തനരൂപരേഖയാക്കുമ്പോൾ അയാൾ സന്മാർഗത്തിന്റെ അതായത് *ഹുദൻല്ലിൽ മുത്തഖീൻ* എന്നതിന്റെ ലക്ഷ്യമായ ഉന്നതനിലകളും പദവികളും കരസ്ഥമാക്കുന്നു. വിശുദ്ധ ഖുർആനിന്റെ ഈ ലക്ഷ്യത്തെ പറ്റിയുള്ള ചിന്തതന്നെ അതിൽ മഹനീയമായ ഒരു ആനന്ദവും സന്തോഷവും നല്കുന്നു. കാരണം ഇതിലൂടെ അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹവും വിശുദ്ധഖുർആനിന്റെ ശ്രേഷ്ഠതയും വ്യക്തമാകുന്നു." (മൽഫൂദാത്ത് വാള്യം 8, പേജ് 317–318,1984 പതിപ്പ്)

വിശുദ്ധഖുർആനിന്റെ അധ്യാപനം സമ്പൂർണമാണെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: കാലഘട്ടത്തിന്റെ ആവശ്യം അഥവാ തേട്ടം നബി(സ)തിരുമേനിയുടെ ആഗമനത്തിനുള്ള തെളിവാണ്. അതിന്റെ പരിണതി **അൽയൗമ അക്മൽത്തുലക്കും** എന്നതിൽ പറയുന്നു: അതായത് അക്കാലഘട്ടത്തിലെ ലോകത്തിന്റെ അവസ്ഥകൾ നബി(സ) തിരുമേനിയുടെ ആഗമനത്തിനുള്ള തെളിവാകുന്നു. കാരണം ആ സമയത്ത് അതിന്റെ ആവശ്യമുണ്ടായിരുന്നു. പിന്നീട് അതിന്റെ പരിണതി എന്തായിരുന്നു? അധ്യാപനം എങ്ങനെയാണ് പൂർത്തീകരിക്കപ്പെട്ടതെന്ന് അൽയൗമ അക്മൽത്തുലക്കും എന്നതിൽ പറയുന്നു. "ഇത് ഒരു വിധത്തിൽ പ്രവാചകത്വകവാടത്തിന്റെ രണ്ടാമത്തെ അനുഗ്രഹമാകുന്നു. 'അക്മൽ' പരിപൂർത്തീകരിക്കുക എന്നാൽ, സൂറത്തുകൾ ഇറക്കി എന്നതുമാത്രമല്ല. മറിച്ച് മനസ്സിനെ സമ്പൂർണവും പരിശുദ്ധവുമാക്കി എന്നും കൂടിയുണ്ട്." വിശുദ്ധ ഖുർആൻ ഇറക്കുകയും അധ്യാപനം നൽകുകയും ചെയ്യുന്നതുമാത്രമല്ല ശ്രേഷ്ഠത. പ്രത്യുത മനുഷ്യമനസ്സിന്റെ അവസ്ഥകളേയും സമ്പൂർണമാക്കുകയുണ്ടായി. അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നവനെ സമ്പൂർണമനുഷ്യനാക്കി. അവരുടെ ഹൃദയങ്ങളെ വിമലീകരിക്കുകയും ചെയ്തു. പറയുന്നു, മൃഗപ്രായരായ, കിരാതരായ ഒരു ജനവിഭാഗത്തിന് മനുഷ്യത്വം പഠിപ്പിച്ചു. പിന്നീട് ആ മനുഷ്യരെ വിജ്ഞരാക്കി. വിജ്ഞരായ മനുഷ്യരെ അവിടന്ന് ദൈവമനുഷ്യരാക്കി. മനസ്സുകളെ പരിശുദ്ധരാക്കുകയും പരിശുദ്ധ മനസ്സുകളെ പരിപൂർണമാക്കുകയും ആത്മാവിന്റെ സംസ്കൃതിയുള്ള പടവുകൾ കയറ്റുകയും ചെയ്തു. മനുഷ്യന് സംസ്കാരത്തിന്റെ ഉന്നത പദവികൾ പഠിപ്പിച്ചു കൊടുത്തു. മനസ്സിനെ പരിശുദ്ധമാക്കാനുള്ള ഉദാത്തമായ നിലകൾ പഠിപ്പിക്കുകയും അതിന്റെ പാരമ്യത്തിലെത്തിക്കുകയും ചെയ്തു. അങ്ങനെ ദൈവിക ഗ്രന്ഥത്തേയും തികവാർന്ന നിലയിൽ പൂർത്തീകരിച്ചു. എത്രത്തോളമെന്നാൽ വിശുദ്ധ ഖുർആനിൽ ഇല്ലാത്തതായ ഒരു സത്യവും സത്യസാക്ഷ്യവുമില്ല. ഞാൻ അഗ്നിഹോത്രിയോടു–ഹിന്ദുക്കളുടെ ഒരു മതവിഭാഗത്തിന്റെ സ്ഥാപകനായിരുന്നു. ആദ്യം ഒരു വിഭാഗത്തിന്റെ ആളായിരുന്നു, പിന്നീട് സ്വന്തമായി ഒരു സംഘമുണ്ടാക്കി. ഇയാളുമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) നിരവധി തവണ സംവാദം നടത്തിയിട്ടുണ്ട്– പറഞ്ഞു: വിശുദ്ധ ഖുർആനിൽ ഇല്ലാത്ത എന്തെങ്കിലും സത്യത്തെ കുറിച്ച് പറഞ്ഞുതരിക! പക്ഷേ, അയാൾക്ക് പറയാൻ കഴിഞ്ഞില്ല! അതേ പോലെ ഞാൻ ബൈബിൾ വെച്ചു നോക്കിയ കാലവുമുണ്ടായിരുന്നു. ക്രിസ്ത്യാനികൾ അഭിമാനംകൊള്ളുന്ന സത്യങ്ങളെല്ലാം സ്ഥായിയായ നിലയിൽ വളരെയേറെ സമ്പൂർണമായി വിശുദ്ധ ഖുർആനിലുണ്ട്. പക്ഷേ, ഖേദകരമെന്നു പറയട്ടെ മുസ്‌ലിമീങ്ങൾക്ക് ഇതിൽ ശ്രദ്ധയെയില്ല. അവർ വിശുദ്ധ ഖുർആനിൽ ചിന്തിക്കുന്നില്ല. അവരുടെ മനസ്സിൽ അതിനെക്കുറിച്ച് മഹത്ത്വവുമില്ല. വാസ്തവത്തിൽ ഇത് മറ്റാർക്കും തുല്യമായത് സമർപിക്കാനില്ലാത്തവിധം അഭിമാനാർഹമായ സ്ഥാനമാകുന്നു.

പറയുന്നു: *"അൽയൗമ അക്മൽത്തുലക്കും ദീനക്കും* എന്ന ആയത്തിന് രണ്ടു വശങ്ങളുണ്ട്. ഒന്ന് നിങ്ങളെ പരിശുദ്ധരിച്ചു കഴിഞ്ഞിരിക്കുന്നു." നിങ്ങളെ പരിശുദ്ധരാക്കി. "രണ്ട് ഗ്രന്ഥം സമ്പൂർത്തീകരിച്ചിരിക്കുന്നു." പരിപൂർണമായ ന്യായപ്രമാണം നിങ്ങൾക്ക് ഇറക്കിത്തന്നു. പറയുന്നു: ഈ ആയത്ത് ഇറക്കിയത് ജുമുഅ ദിവസമായിരുന്നു. ഹദ്റത്ത് ഉമറിനോടു ഒരു യഹൂദി പറഞ്ഞു: "ഞങ്ങളാണെങ്കിൽ ഇത്തരം ആയത്ത് അവതരിച്ച ദിവസം പെരുന്നാളാക്കിയേനെ! ഇത്തരം പൂർണവും പ്രഭാവിതവുമായ ആയത്ത് അവതരിച്ച ദിവസം സന്തോഷത്തിൽ പെരുന്നാളാക്കേണ്ടതായിരുന്നു." ഹദ്റത്ത് ഉമർ(റ) പറഞ്ഞു:"ജുമുഅ ദിവസം പെരുന്നാൾത്തന്നെയാണ്."

ജുമുഅ ദിവസമാണ് ഈ വചനമിറങ്ങിയത്. അപ്പോൾ പെരുന്നാൾ ജുമുഅ പെരുന്നാൾത്തന്നെയാകുന്നു. എന്നാൽ, നിരവധിയാളുകൾ ഈ പെരുന്നാളിനെ സംബന്ധിച്ച് അജ്ഞരാകുന്നു. മറ്റു പെരുന്നാളുകൾക്ക് വസ്ത്രങ്ങൾ മാറ്റുന്നു. ഈ പെരുന്നാളിന് പരിഗണന നല്കുന്നില്ല. മുഷിഞ്ഞ വസ്ത്രത്തിൽ വരുന്നു!

ജുമുഅ നമസ്കരിക്കേണ്ടത് എത്രമാത്രം അനിവാര്യമാണെന്ന് വിവരിച്ചുകൊണ്ട് ആ മാഹാത്മാവ് പറയുന്നു: "എന്റെ പക്കൽ ഈ ഈദ് മറ്റു ഈദുകളെക്കാളും ശ്രേഷ്ഠമാകുന്നു. അതായത് ജുമുഅ ദിവസം ജുമുഅയിൽ പങ്കെടുക്കുന്നതിന് പ്രത്യേകം ഒരുങ്ങി വരേണ്ടതാണ്. വർഷത്തിൽ ഒരു തവണമാത്രം ഈദ് അനുഷ്ഠിച്ചാൽ പോരാ. ഈ ഈദിനെ പറ്റിയാണ് സൂറ ജുമുഅയിലുള്ളത്. അതിനുവേണ്ടി നമസ്കാരം ഖസ്ർ ആക്കുന്നു. ജുമുഅ ദിവസം അസ്ർ നേരത്ത് ഹദ്റത്ത് ആദം(അ) ജനിച്ചു. ആദ്യമനുഷ്യൻ ഈ ഈദിനാണ് ജനിച്ചത്. ഇത് ആദ്യമനുഷ്യൻ വെള്ളിയാഴ്ചയാണ് ജനിച്ചതെന്നതിനും വിശുദ്ധ ഖുർആനിന്റെ പൂർത്തികരണം അതിലാണ് നടന്നതെന്നതിനും തെളിവു നല്കുന്നു."(മൽഫൂദാത്ത് വാള്യം 8, പേജ് 399, 1984 പതിപ്പ്)

വിശുദ്ധ ഖുർആൻ ഹദീഥുകൾക്കുമേൽ വിധികർത്താവാണെന്ന് വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: "ഭൂരിഭാഗം മുസ്‌ലിമീങ്ങൾക്കുമിടയിലുള്ള മറ്റൊരു വലിയ അബദ്ധമെന്തെന്നാൽ, അവർ ഹദീഥുകൾക്ക് വിശുദ്ധഖുർആനിനെക്കാളും മുൻഗണന നല്കുന്നു. വാസ്തവത്തിൽ ഇതു തെറ്റാണ്. വിശുദ്ധ ഖുർആൻ ഒരു ദൃഢബോധത്തിന്റെ തലത്തിലാണുള്ളത്. ഹദീഥിന്റെ അവസ്ഥ അനുമാനത്തിലധിഷ്ഠിതമാണ്. വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങൾ ദൃഢഗാഢമായ പാഠങ്ങളാണ്. എന്നാൽ, ഹദീഥുകളെ നമുക്ക് ദൃഢഗാഢമെന്ന് പറയാൻ പറ്റില്ല. അതിന്റെ നിരവധി നിവേദനങ്ങൾ പിന്നീട് സമാഹരിക്കപ്പെട്ടതാണ്." അവിടന്ന് പറയുന്നു: "ഹദീഥ് വിധി കർത്താവല്ല. പ്രത്യുത ഖുർആൻ അതിനുമേൽ വിധികർത്താവാകുന്നു. തീരുമാനമെടുക്കേണ്ടത് ഖുർആനാണ്. ഹദീഥ് വിശുദ്ധ ഖുർആനിന്റെ വ്യാഖ്യാനമാകാം. നിരവധി ഹദീഥുകളിൽ വിശുദ്ധ ഖുർആനിന്റെ വ്യാഖ്യാനം കണ്ടെത്താൻ കഴിയും. അതിനെ അതിന്റെ തലത്തിൽത്തന്നെ വെക്കേണ്ടതാണ്. വിശുദ്ധ ഖുർആനിന് വിരുദ്ധമല്ലാത്തതും അനുയോജ്യമായി വരുന്നതുമായ ഹദീഥുകളെ അംഗീകരിക്കാവുന്നതാണ്. എന്നാൽ, വിശുദ്ധ ഖുർആന് വിരുദ്ധമാണെങ്കിൽ അത് ഹദീഥല്ല. പ്രത്യുത തിരസ്കരിക്കേണ്ട വാക്കുകളാകുന്നു. എന്നാൽ, വിശുദ്ധ ഖുർആൻ ഗ്രഹിക്കുന്നതിന് ഹദീഥ് അനിവാര്യമാണ്. ഹദീഥുകളിലൂടെ പല ആയത്തുകളുടേയും വിശദീകരണം ലഭിക്കുന്നുണ്ടെന്ന കാര്യം ഓർക്കുക. അവയിൽ ഉന്നതരായ സ്വഹാബാക്കളുടെ നിവേദനങ്ങളുമുണ്ട്. അവ മനസ്സാലാക്കിയിരിക്കേണ്ടതാണ്. എന്നാൽ, ഏതു ഹദീഥാണെങ്കിലും അത് വിശുദ്ധ ഖുർആനിന് വിരുദ്ധമാകാൻ പാടില്ല."

അവിടന്ന് പറയുന്നു: "വിശുദ്ധ ഖുർആൻ ദൈവികകല്പനകളായി അവതരിച്ചു. നബി(സ)തിരുമേനി അതനുസരിച്ച് ചെയ്തും ചെയ്യിച്ചും ഒരു മാതൃക സ്ഥാപിക്കുകയുണ്ടായി. ഈ മാതൃക ഇല്ലായിരുന്നെങ്കിൽ ഇസ്‌ലാം മനസ്സിലാകുമായിരുന്നില്ല. പക്ഷേ, അടിസ്ഥാനം വിശുദ്ധ ഖുർആനാകുന്നു. കശ്ഫിന്റെ ചിലയാളുകൾ നബി(സ)തിരുമേനിയിൽനിന്ന് നേരിട്ട് അത്തരം ഹദീഥുകൾ കേൾക്കുന്നു. അതാണെങ്കിൽ മറ്റുള്ളവർക്ക് മനസ്സിലായതുമില്ല. അല്ലെങ്കിൽ ഇപ്പോഴുള്ള ഹദീഥുകളെ അവ സാക്ഷ്യപ്പെടുത്തുന്നു."(മൽഫൂദാത്ത് വാള്യം 8, പേജ് 363–364 1984 പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെ കുറിച്ചും എഴുതിയിട്ടുണ്ട്, "ഞാനും ചില ഹദീഥുകൾ നബി(സ)തിരുമേനിയിൽനിന്ന് നേരിട്ട് കേൾക്കുകയുണ്ടായി."(സീറത്തുൽമഹ്ദി, വാള്യം 1, ഭാഗം 3, പേജ് 550,രിവായത്തു നമ്പർ 572)

വിശുദ്ധ ഖുർആനിന്റെ വാക്യഘടനാവൈഭവത്തെ കുറിച്ച് പറയുന്നു: "വിശുദ്ധ ഖുർആൻ....... ഇബാറത്തിൽ എത്രമാത്രം വാഗ്‌വിലാസവും സന്തുലിതത്വവും ചാരുതയും മൃദുത്വവും തിളക്കവും ഉൾക്കൊള്ളുന്നുവെന്നാൽ അറബിഭാഷയിൽ നല്ല അവഗാഹമുള്ള ഇസ്‌ലാമിന്റെ ശത്രുവിനോടു ഒരു ഭരണാധികാരി ഇരുപതു വർഷത്തിനുള്ളിൽ വിശുദ്ധ ഖുർആന് തത്തുല്യമായത് അല്ലെങ്കിൽ അതിലെ ഏതാനും വരികൾ മാത്രം എടുത്ത് അതിനുതുല്യമായത് അല്ലെങ്കിൽ അതിനെക്കാൾ ശ്രേഷ്ഠമായത് ഖുർആനിലേതുപോലെ അതീവ ഗഹനമായ തത്ത്വങ്ങൾ അടങ്ങിയ തരത്തിലുണ്ടാക്കാൻ കൽപിക്കുകയും, അങ്ങനെ ചെയ്തില്ലെങ്കിൽ വധശിക്ഷയുണ്ടാകുമെന്ന് പറയുകയും ചെയ്താലും കഠിനമായ എതിർപ്പും അപമാനഭയവും മരണഭയവുമുണ്ടായിട്ടും അയാൾ അതിൽ പരാജയപ്പെടുകതന്നെ ചെയ്യും. ഒരിക്കലും തത്തുല്യമായത് കൊണ്ടുവരാൻ അയാൾക്കു കഴിയുകയില്ല. അയാൾ, ലോകം മുഴുവനുമുള്ള നൂറുക്കണക്കിന് ഭാഷപടുക്കളേയും എഴുത്തുകാരേയും സഹായത്തിനു കൂട്ടിയാലും ശരി!"(ബറാഹീനെ അഹ് മദിയ്യ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 286–297)

ഒരു ഭാഗത്ത് ഭയവുമുണ്ട്. പറഞ്ഞു: "ന്യായാധിപന്റെ ഭാഗത്തുനിന്ന് അയാൾക്ക് 20 വർഷത്തെ അവധിയും കൊടുക്കുക. എന്നിട്ടും വിശുദ്ധ ഖുർആനിനെപോലെയോ അതിലെ ഏതാനും വചനങ്ങൾക്ക് സമാനമായോ അല്ലെങ്കിൽ ഏതാനും വരികളെങ്കിലും ഉണ്ടാക്കാനോ അയാൾക്ക് സാധ്യമല്ല. അതാണ് വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠതയും സാഹിതീയ സൗന്ദര്യവും." അവിടന്ന് പറഞ്ഞു: "ഇതൊരു സാങ്കല്പികമോ അനുമാനപരമോ ആയ കാര്യമല്ല. പ്രത്യുത വിശുദ്ധ ഖുർആൻ അവതരിച്ച കാലംമുതൽ അങ്ങനെയൊന്ന് കൊണ്ടുവരാൻ ലോകത്തിനു മുമ്പിൽ വെല്ലുവിളി വെച്ചതാണ്. ഇന്നു പല മുസ്‌ലിം വിരുദ്ധരും അതിനു സമാനമാ

യതു കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. ഓരോ ദിവസവും എന്തെങ്കിലുമൊക്കെ കാര്യം പറയുകയും തത്തുല്യമായതു കാണിക്കാമെന്ന് വീമ്പിളക്കുകയും ചെയ്യുന്നു. പക്ഷേ, വിശുദ്ധ ഖുർആനിന്റെ വാഗ്വിലാസത്തിനും വാക്ചാതുര്യത്തിനും അടുത്തെത്താൻ പോലും അവർക്കു കഴിയുകയില്ല. വെറും വാദമാണ്!

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധ ഖുർആനിന്റെ വാഗ്വിലാസത്തേയും വാക്ചാതുര്യത്തേയും(നേരിടുക അസംഭാവ്യമാണ്). ഉദാഹരണത്തിന് സൂറ ഫാതിഹായുടെ നിലവിലുള്ള ക്രമീകരണം മാറ്റുകയും മറ്റൊരു ക്രമീകരണം കൊണ്ടുവരികയും ചെയ്യുക. വിശുദ്ധ ഖുർആനിലെ ഏതെങ്കിലും അധ്യായം എടുക്കുക. അത് **ഖുൽ ഹുവല്ലാഹു അഹദ്** (112:2) ആണെങ്കിലും ശരി. അതിൽ വിവരിച്ച സൗമ്യവും മനോഹരവുമായ ആഖ്യാനശൈലിയെ പരിഗണിച്ചുകൊണ്ട് അതിലുള്ള ജ്ഞാനങ്ങളും യാഥാർഥ്യങ്ങളും മറ്റാർക്കും വിവരിക്കാൻ കഴിയുകയില്ല. ഇതും വിശുദ്ധ ഖുർആനിന്റെ മാത്രം ശ്രേഷ്ഠതയാകുന്നു. ചില ബുദ്ധിമാന്മാർ വിശുദ്ധ ഖുർആനിന്റെ സമാനതകളില്ലാത്ത സ്വഭാവത്തെ മഖാമാത്തെ ഹരീരിയേയും സബഅ മുഅല്ലഖയേയും(ഇതു രണ്ട് ഗ്രന്ഥങ്ങളാണ്) സമാനതകളും തുല്യതകളും ഇല്ലാത്താതാണെന്നും അതിശ്രേഷ്ഠമായ ഗ്രന്ഥങ്ങളാണെന്നും അവയ്ക്ക് സമാനതയുണ്ടെന്നും പറയാറുണ്ട്. അങ്ങനെ വിശുദ്ധ ഖുർആനിന്റെ അതുല്യസ്ഥാനത്തെ എതിർക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ, ഹരീരിയുടെ കർത്താവ് ഒരിക്കലും തന്റേത് സമാനതയില്ലാത്ത ഗ്രന്ഥമാണെന്ന് അവകാശപ്പെട്ടിട്ടില്ല. മറ്റൊന്ന് ഹരീരി വിശുദ്ധ ഖുർആനിന്റെ അത്ഭുതാവഹമായ ശ്രേഷ്ഠതയെ അംഗീകരിച്ച ആളായിരുന്നു. മാത്രമല്ല വിമർശകർ സത്യത്തേയും യാഥാർഥ്യത്തേയും അവഗണിക്കുകയും കേവലം പദങ്ങളിലേക്ക് ചേക്കേറുകയും ചെയ്യുന്നു. ഉപര്യുക്ത ഗ്രന്ഥങ്ങൾ സത്യത്തിൽനിന്നും യുക്തിയിൽനിന്നും ഒഴിഞ്ഞവയാണ്. അത്ഭുതത്തിന്റെ മികവും അടിസ്ഥാനവും അത് എല്ലാ വശങ്ങളേയും പരിഗണിക്കുന്നു എന്നതാണ്. സാന്ദർഭിക വാഗ്വിലാസവും വാക്ചാതുരിയും കൈയൊഴിയാൻ പാടില്ല. എന്നാൽ, സത്യവും യുക്തിയും ഒഴിവാക്കാനും പാടില്ല. ഈ അത്ഭുതം വിശുദ്ധ ഖുർആനിൽ മാത്രമാണുള്ളത്."

അതിൽ സാന്ദർഭിക വാഗ്വിലാസവും വാക്ചാതുരിയും സത്യവും യുക്തിജ്ഞാനവുമെല്ലാമുണ്ട്. "അത് സൂര്യസമാനം പ്രകാശിക്കുന്നു. എല്ലാ നിലയ്ക്കും അത്ഭുതം കാണിക്കാനുള്ള ശക്തി അതുൾക്കൊള്ളുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 84–85, 1984 പതിപ്പ്)

വീണ്ടും പറയുന്നു: "വിശുദ്ധ ഖുർആനിന്റെ സാന്ദർഭിക വാഗ്വിലാസവും സാഹതീയസൗന്ദര്യവും അതിന്റെ അത്ഭുതകരമായ സ്വഭാവത്തേയും വെല്ലുവിളിക്കാനുള്ള ശ്രമത്തിൽ, പാതിരി ഫണ്ടർ ഒരിക്കൽ ഹരീരിയുടേയും അബുൽഫള്ലിന്റേയും മറ്റു ഇംഗ്ലീഷ് ഗ്രന്ഥങ്ങളുടേയും വിവിധ ഭാഗങ്ങൾ സമർപ്പിച്ചു. ഇതു വളരെ കാലം മുമ്പേയുള്ള സംഗതിയാണ്. ആ സമയത്ത് അയാൾ കളവാണ് പറയുന്നതെന്ന് നമുക്ക് ഉറപ്പായിരുന്നു. കാരണം ഈ രചയിതാക്കളൊന്നുംതന്നെ തങ്ങളുടെ രചനകൾ അതുല്യമാണെന്ന് അവകാശപ്പെട്ടിട്ടില്ല. പ്രത്യുത അവരെപ്പോഴും തങ്ങളുടെ കഴിവില്ലായ്മ സമ്മതിക്കുകയും വിശുദ്ധ ഖുർആനിനെ പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാമത് അവരുടെ ഗ്രന്ഥങ്ങളിൽ അർഥം പദങ്ങൾക്ക് വിധേയമായാണ് നടക്കുന്നത്. വാക്കുകൾമാത്രം ബന്ധിപ്പിച്ചിട്ടുണ്ടാകും. പ്രാസം ഒപ്പിക്കുന്നതിന് ഒരു പദത്തിനെതിരിൽ മറ്റൊരു പദം അന്വേഷിച്ചുകൊണ്ടിരിക്കുന്നു. വാക്യത്തിൽ യുക്തിയും ജ്ഞാനവും പരിഗണിക്കപ്പെടുന്നില്ല. വിശുദ്ധ ഖുർആനിൽ സത്യത്തിന്റേയും യുക്തിയുടേയും കൂടിച്ചേരലുണ്ട്. വിശുദ്ധ ഖുർആൻ കേവലം പദങ്ങൾ കൂട്ടിവെക്കുകയല്ല ചെയ്യുന്നത്. അതിൽ സൗന്ദര്യമുണ്ടാക്കുകയാണ് ചെയ്തിട്ടുള്ളത്. വാസ്തവത്തിൽ സത്യത്തിന്റേയും യുക്തിയുടേയും കാര്യങ്ങൾ പ്രാസമൊപ്പിച്ച് ശരിയായി അവതരിപ്പിക്കുക എന്നത് ദൈവസഹായത്തിൽ മാത്രം സാധ്യമാകുന്ന കാര്യമാണ്. അതായത് സത്യവും യുക്തിയും അതോടൊപ്പം പ്രാസവും ശരിയാകുക എന്നതാണ് യഥാർഥകാര്യം. അപ്പോഴാണ് അത് ദൈവസഹായമാണെന്ന് മനസ്സിലാകുന്നത്. അല്ലാത്ത പക്ഷം മനുഷ്യന്റെ വാക്കുകൾ ഹരീരിയുടേയും മറ്റുംപോലെയാകുന്നു." (മൽഫൂദാത്ത് വാല്യം 2, പേജ് 205,1984 പതിപ്പ്)

അവിടന്ന് ഒരു മജ്ലിസിൽ തഫ്സീർ ഇഅ്ജാസുൽ മസീഹിനെ പറ്റി പരാമർശിക്കുകയായിരുന്നു. എതിരാളികളിൽ ആർക്കുംതന്നെ അതിനെ എതിർക്കാൻ കഴിവു നല്കിയിട്ടില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധ ഖുർആൻ ഒരു അത്ഭുതമാണെന്നതിന് രണ്ടു വീക്ഷണങ്ങളുണ്ട്. ഒന്ന് അല്ലാഹു മത്സരിക്കാനുള്ള കഴിവ് നഷ്ടപ്പെടുത്തി. അതായത് ശത്രുക്കൾക്ക് അതിനെ എതിർക്കാൻ അവസരംതന്നെ നല്കിയില്ല. രണ്ടാമത്തെ വീക്ഷണം, അതാണ് ഏറെ ശരിയും സത്യസന്ധവുമായിട്ടുള്ളത്. എന്റെ വീക്ഷണവും അതുതന്നെയാണ്. അതായത് ശത്രുക്കൾക്ക് അതിനോടു മത്സരിക്കാൻതന്നെ കഴിവില്ലായിരുന്നു. വാസ്തവത്തിൽ അവരുടെ അറിവും യുക്തിയും അവർക്ക് നഷ്ടമായി. വിശുദ്ധ ഖുർആനിന്റെ അത്ഭുതം നമ്മുടെ ഖുർആൻ തഫ്സീറിന്റെ വിഷയത്തിൽനിന്ന് നല്ലപോലെ മനസ്സിലാകുന്നതാണ്. മഹാപണ്ഡിതന്മാർ എന്ന് പേരുകേട്ട ആയിരക്കണക്കിനാളുകളുണ്ടായിരുന്നു. അവരുടെ ആത്മാഭിമാനം ഉണർത്താനുള്ള പല പദപ്രയോഗങ്ങളും വിളംബരത്തിൽ എഴുതിയിരുന്നു. പക്ഷേ, അതിനെ നേരിടാൻ ആർക്കും കഴിഞ്ഞില്ല."(മൽഫൂദാത്ത് വാല്യം 2, പേജ് 2017–218, 1984 പതിപ്പ്)

അതിനാൽ ആ മഹാത്മാവിന്റെ ഗ്രന്ഥങ്ങൾ ഈ വീക്ഷണത്തിലും വിശുദ്ധ ഖുർആൻ മനസ്സിലാക്കാൻ നമ്മൾ പാരായണം ചെയ്യേണ്ടതാണ്. പിന്നീട് ഒരു അവസരത്തിൽ അവിടന്ന് പറയുന്നു: "വിശുദ്ധ ഖുർആന് നല്കപ്പെട്ട മുഅ്ജിസത്ത് ഉന്നതതലത്തിലുള്ള അധ്യാപനങ്ങളും സാംസ്കാരിക തത്ത്വങ്ങളുമാകുന്നു. അതിന്റെ വാക്ചാതുരിയേയും സാഹതീയ സൗന്ദര്യത്തേയും നേരിടാൻ ആർക്കും സാധിക്കുകയില്ല. അതുപോലെതന്നെയാണ് അദൃശ്യകാര്യങ്ങളുടേയും പ്രവചനങ്ങളുടേയും കാര്യത്തിലുമുള്ളത്. ഇക്കാലഘട്ടത്തിലെ ജാലവിദ്യക്കാർക്കുപോലും അത്തരം വാദമുന്നയിക്കാൻ സാധ്യമല്ല. അങ്ങനെ അല്ലാഹു നമ്മുടെ ദൃഷ്ടാന്തങ്ങൾക്ക് ഒരു വ്യതിരിക്തത നല്കിയിരിക്കുന്നു. മറ്റൊരാൾക്കും അതേപറ്റി ന്യായപൂർത്തി വന്നില്ലെന്ന ഉപായം പറയാൻ സാധ്യമല്ല. അങ്ങനെ അല്ലാഹു തന്റെ അടയാളങ്ങൾ തുറന്ന നിലയിൽ കാണിച്ചുതന്നു. അവയിൽ ആർക്കും സംശയവും സന്ദേഹവും കടത്തിവിടാൻ സാധിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 10, പേജ് 172, 1984 പതിപ്പ്)

വിശുദ്ധ ഖുർആനിന്റെ വാക്ചാതുര്യത്തെകുറിച്ച് പറയുന്നു: "ആളുകളുടെ സാഹതീയ സൗന്ദര്യവും വാഗ്വിലാസവും വാക്കുകൾക്കനുസരിച്ചാണ് ഉണ്ടാകുന്നത്. അതിൽ പ്രാസമുണ്ടാകുമെന്നല്ലാതെ മറ്റൊന്നുമുണ്ടാകുകയില്ല. ഒരു അറബി എഴുതിയിരിക്കുന്നു: *സാഫർത്തു ഇലാ റൂമി വ അനാ അലാ ജമലിൻ മഅ്അലൂമിൻ* ഞാൻ റോമിലേക്ക് പുറപ്പെട്ടു. മൂത്രം അടഞ്ഞുപോയിരുന്ന ഒട്ടകപ്പുറത്താണ് ഞാൻ യാത്ര ചെയ്തിരുന്നത്. ഈ വാക്യം കേവലം പ്രാസമൊപ്പിക്കാനാണ് എഴുതിയിരിക്കുന്നത്. വിശുദ്ധ ഖുർആനിന്റെ അത്ഭുതമെന്തെന്നാൽ അതിലെ എല്ലാ വാക്കുകളും മുത്തുമാലപോലെ കോർത്തിണക്കിയിരിക്കുകയാണ്. യഥാസ്ഥാനത്ത് വെക്കുകയും ചെയ്തിരിക്കുന്നു. അതിന്റെ സ്ഥാനം മാറ്റാൻ പറ്റില്ല. അതിനുപകരം പദങ്ങളും മാറ്റാൻ സാധ്യമല്ല. ഇതെല്ലാമായിട്ടും അതിൽ പ്രാസവും വാക്ചാതുരിയും സാഹതീയ സൗന്ദര്യവും തികവാർന്ന നിലയിലുണ്ട്."(മൽഫൂദാത്ത് വാല്യം 10, പേജ് 172–173, 1984 പതിപ്പ്)

വിശുദ്ധഖുർആനിന്റെ വാഗ്വിലാസത്തേയും സാഹതീയ സൗന്ദര്യത്തേയും കുറിച്ച് ആ മഹാത്മാവ് പറയുന്നു: "ഇവിടെ വെളിപ്പെട്ടുകൊണ്ടിരിക്കുന്ന അടയാളങ്ങളും ദൃഷ്ടാന്തങ്ങളും വാസ്തവത്തിൽ നബി(സ)തിരുമേനിയുടെതന്നെ ദിവ്യാത്ഭുതങ്ങളാകുന്നു. പ്രസ്തുത പ്രവചനങ്ങൾ വിശുദ്ധ ഖുർആനിന്റെതന്നെ പ്രവചനങ്ങളാകുന്നു. കാരണം അതെല്ലാം നബി(സ)തിരുമേനിയുടെ തന്നെ പിന്തുടർച്ചയും വിശുദ്ധ ഖുർആനിന്റെ പാഠങ്ങളുടെ ഫലങ്ങളുമാകുന്നു. ഇപ്പോൾ മറ്റൊരു മതാനുയായിക്ക് അത്തരം പ്രവചനങ്ങൾ ചെയ്യാനും അഭൗമിക ദൃഷ്ടാന്തം വെളിപ്പെടുത്താനും കഴിയില്ല. അതുകൊണ്ട് ഈ നിലയ്ക്ക് വിശുദ്ധഖുർആനിന്റെ മുഅ്ജിസത്തുകൾ സകല ഗ്രന്ഥങ്ങളുടേയും ദൃഷ്ടാന്തങ്ങളെക്കാളും ഉയർന്നതാണ്." മസീഹ് മൗഊദ്(അ)ന്റെ സ്വന്തം മുഅ്ജിസത്തുകളും വിശുദ്ധ ഖുർആൻ കാരണത്താൽതന്നെയാണ്. നബി(സ)തിരുമേനിയെ പിന്തുടർന്ന കാരണത്താലാണ്. വീണ്ടും പറഞ്ഞു: "വാക്ചാതുരിയുടേയും സാഹതീയ സൗന്ദര്യത്തിന്റേയും മറ്റൊരു വശം എത്രമാത്രം ഉന്നതമാണെന്ന് വെച്ചാൽ അത് സർവാംഗീകൃതവും നീതിബോധമുള്ള എതിരാളിപോലും അംഗീകരിക്കുന്നതുമാണ്. വിശുദ്ധ ഖുർആൻ

### • ഹദീഥുന്നബ്‌വി(സ): •

**"സ്വർഗത്തിന്റെ കവാടങ്ങളിൽ ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക." (സ്വഹീഹ് മുസ്‌ലിം)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

### • ഹദീഥുന്നബ്‌വി(സ): •

**"ആര് എന്റെമേൽ സ്വലാത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."(അബൂദാവൂദ്, കിതാബുൽമനാസിക്)**

ത്വാലിബെ ദുആ:
ANWAR SADAT AND FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

**ഫഅ്തൂ ബിസൂറത്തിൻമ്മിൻമ്മിഥ്‌ലിഹി**(2:24) എന്ന് വെല്ലുവിളിക്കുന്നു. ഇന്നുവരെ ആർക്കും വിശുദ്ധ ഖുർആന് സമാനമായത് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ഇതുപോലുള്ള ഒരു അധ്യായം കൊണ്ടുവരൂ എന്നത് വിശുദ്ധ ഖുർആനിന്റെ വെല്ലുവിളിയാകുന്നു. അറബികളിൽ വാക്ചാതുരിയോടെയും സാഹതീയ സൗന്ദര്യത്തോടെയും സംസാരിക്കുന്ന വലിയ ആളുകളുണ്ടായിരുന്നു. പ്രത്യേക അവസരങ്ങളിൽ വലിയ വലിയ മജ്‌ലിസ്സുകൾ സംഘടിപ്പിക്കാറുണ്ടായിരുന്നു. അതിൽ തങ്ങളുടെ ഖസീദകൾ കേൾപ്പിക്കുമായിരുന്നു. അവരും ഖുർആനിനെ നേരിടുന്നതിൽ പരാജയപ്പെട്ടു. വിശുദ്ധ ഖുർആനിന്റെ വാഗിലാസവും സാഹതീയ സൗന്ദര്യവും വെറും വാക്കുകളെ പിന്തുടരുന്നവിധമല്ല ഉള്ളത്. അവയെ പിൻപറ്റാൻ! അതായത് അർഥവും ഉദ്ദേശ്യങ്ങളും ഗൗനിക്കാതെ അവയെ follow ചെയ്യുക! പ്രത്യുത ഉന്നതനിലയിലുള്ള പദങ്ങൾ അത്ഭുതകരമായ ക്രമത്തോടെയാണ് വെക്കപ്പെട്ടിരിക്കുന്നത്. ഇപ്രകാരമാണ് യാഥാർഥ്യങ്ങളും ജ്ഞാനങ്ങളും അവയിൽ വിവരിക്കപ്പെട്ടിരിക്കുന്നതും. വാക്ചാതുരിയുടേയും സാഹതീയ സൗന്ദര്യത്തിന്റേയും നിലകളെ പരിഗണിക്കുകയും ചെയ്തിരിക്കുന്നു."

ഒരിടത്ത് പറയുന്നു: **"യത്‌ലൂ സ്വുഹ്ഫൻമ്മുത്വഹ്ഹറത്തൻ ഫീഹാ കുതുബുൻ ഖയ്യിമത്തൻ** (ബയ്യിന 3-4) അതായത് അവർക്ക് ഓതിക്കൊടുക്കുന്ന ഗ്രന്ഥത്തിൽ യാഥാർഥ്യങ്ങളും ഈശ്വരീയജ്ഞാനങ്ങളുമുണ്ട്. എഴുത്തുകാർക്ക് രചനയിൽ പരിശുദ്ധ അധ്യാപനത്തേയും ധാർമിക മൂല്യങ്ങളേയും ശ്രദ്ധിക്കാൻ പ്രയാസമാണെന്ന് അറിയാം. എന്നിരിക്കെ ദുർഗുണങ്ങളെ അകറ്റുന്ന സാധീനവും ആകർഷണീയവുമായ അധ്യാപനം കാണിച്ചു തരികയും അവയുടെ സ്ഥാനത്ത് ഉന്നതമായ ഗുണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നത് എത്രമാത്രം ദുഷ്കരമാണ്. അറബികളുടെ അവസ്ഥ ആരിൽനിന്നും ഗോപ്യമല്ല. അവർ എല്ലാത്തരം ന്യൂനതകളുടേയും തിന്മകളുടേയും കേദാരമായിരുന്നു. നൂറ്റാണ്ടുകളായി അവരുടെ അവസ്ഥ മോശമായിരുന്നു. പക്ഷേ, നബി(സ)തിരുമേനിയുടെ അനുഗ്രഹാശ്ശിസുകളിലെ ശക്തിപ്രഭാവംകൊണ്ട് 23 വർഷങ്ങൾക്കകംതന്നെ രാജ്യത്തിന്റെ അവസ്ഥ മാറി. അത് അധ്യാപനത്തിന്റെ സ്വാധീനമായിരുന്നു. ഖുർആനിലെ ചെറുതിൽ ചെറുതായ ഒരു അധ്യായംപോലും എടുത്തു നോക്കുകയാണെങ്കിൽ അതിൽ വാഗിലാസത്തിന്റേയും വാക്ചാതുര്യത്തിന്റേയും നിലകൾക്കു പുറമെ അധ്യാപനത്തിന്റെ തനതായ ശ്രേഷ്ഠതയും തികവും നിറഞ്ഞിരിക്കുകയാണെന്നും അറിയാം. ഇഖ്‌ലാസ് എന്ന അധ്യായം തന്നെ നോക്കുക. തൗഹീദിന്റെ സകല വശങ്ങളും അതിൽ പരാമർശിച്ചിരിക്കുന്നു. ചെറിയ സൂറത്താണ്. പക്ഷേ, തൗഹീദിന്റെ മുഴുവൻ വിഷയവും വിവരിച്ചിരിക്കുന്നു. അതിൽ മറ്റെല്ലാവിധ ശിർക്കുകളേയും നിഷേധിച്ചിരിക്കുന്നു. അതുപോലെ ഫാതിഹ എന്ന അധ്യായം നോക്കുക, എത്രമാത്രം അത്ഭുതമാണത്. ചെറിയ സൂറത്താണ്. ഏഴു വചനങ്ങൾ മാത്രമാണുള്ളത്. വാസ്തവത്തിൽ മുഴുവൻ ഖുർആനിന്റേയും ശ്രേഷ്ഠതയും രത്നച്ചുരുക്കവും ഉള്ളടക്കവുമാണത്. ഇതിൽ ദൈവാസ്തിക്യം, അവന്റെ സവിശേഷ ഗുണങ്ങൾ, ദുആകളുടെ ആവശ്യകത, അതു സ്വീകരിക്കപ്പെടാനുള്ള കാര്യഹേതുക്കളും മാർഗങ്ങളും, ഫലപ്രദവും സ്വീകാര്യവുമാകുന്ന ദുആകളുടെ മാർഗം, നഷ്ടമുണ്ടാക്കുന്ന വഴികളിൽനിന്ന് രക്ഷപ്പെടാനുള്ള സന്മാർഗം തുടങ്ങിയവ പഠിപ്പിച്ചിരിക്കുന്നു. ലോകത്തിലെ വ്യർഥമായ മതങ്ങളുടെ നിഷേധവും അവിടെത്തന്നെയുണ്ട്." ഈ ഫാത്തിഹ അധ്യായത്തിൽ, ചെറിയ അധ്യായത്തിൽ എല്ലാ കാര്യങ്ങളും അടങ്ങിയിരിക്കുന്നു. "ഭൂരിഭാഗം ഗ്രന്ഥങ്ങളേയും മതക്കാരേയും, അവർ മറ്റു മതങ്ങളുടെ ദോഷങ്ങളും കുറവുകളും വിവരിക്കുന്നത് നിങ്ങൾക്കു കാണാൻ കഴിയും. മറ്റു അധ്യാപനങ്ങളെ വിമർശിക്കുന്നു. എന്നാൽ, ഈ വിമർശിക്കുന്നതിനോടൊപ്പം മതവക്താക്കൾ അതിനു പകരം ശ്രേഷ്ഠമായ അധ്യാപനങ്ങൾ സമർപ്പിക്കുന്നില്ല. ഇന്ന തിന്മയിൽനിന്ന് രക്ഷപ്പെടാൻ അതിനു പകരം താൻ ശ്രേഷ്ഠമായ അധ്യാപനം നല്കാമെന്ന് പറയുന്നില്ല. ഇത് ഒരു മതത്തിലും കാണാൻ കഴിയുന്നില്ല. വിശുദ്ധ ഖുർആനു മാത്രമെ ഈ ശ്രേഷ്ഠതയുള്ളു. അത് വ്യർഥമായ മതങ്ങളെ നിരാകരിക്കുകയും അവയുടെ തെറ്റായ അധ്യാപനങ്ങൾ തുറന്നു കാണിക്കുകയും അതിനോടൊപ്പം അസലും യഥാർഥവുമായ അധ്യാപനം അവതരിപ്പിക്കുകയും ചെയ്യുന്നു."(മൽഫൂദാത്ത് വാള്യം 3, പേജ് 46-48, 1984 പതിപ്പ്)

ഈ മനോഹാരിതയെ ഇക്കാലഘട്ടത്തിലെ നാമമാത്രരായ വിദ്യാ സമ്പന്നർക്കുപോലും നിഷേധിക്കാൻ കഴിയില്ല. ഒരുപാട് അവസരങ്ങളിൽ ഞാൻ കണ്ടിട്ടുണ്ട്, അന്യരുടെ മുമ്പിൽ വിശുദ്ധ ഖുർആനിന്റെ അധ്യാപനമനസുരിച്ച് ഏതെങ്കിലും പ്രശ്നത്തിനുള്ള പരിഹാരം വെക്കുമ്പോൾ അവർ അത് അംഗീകരിക്കുന്നു. വിശുദ്ധ ഖുർആനിന്റെ സവിശേഷതകൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധ ഖുർആൻ വളരെ എളുപ്പത്തിൽ ഗ്രഹിക്കാവുന്ന ഗ്രന്ഥമാകുന്നു. അവിടന്ന് പറയുന്നു, തങ്ങൾക്കു വിശുദ്ധ ഖുർആൻ മനസ്സിലാകുന്നില്ലെന്നും അത് വളരെ പ്രയാസമുള്ളതായതിനാൽ അതിലേക്ക് ശ്രദ്ധിക്കുക തന്നെ വേണ്ടെന്നും ചില വിവരദോഷികൾ പറയാറുണ്ട്. അത് അവർക്കു പറ്റിയ അബദ്ധമാകുന്നു. വിശുദ്ധ ഖുർആൻ വളരെ പ്രയാസമുള്ളതാണെന്നും മസ്സിലാകത്തില്ലെന്നും അതുകൊണ്ട് കൂടുതൽ അതിലേക്ക് ശ്രദ്ധിക്കേണ്ടെന്നും ഒഴികഴിവു പറയുകയാണ്;അതുകൊണ്ട് ഓതിയാൽ മാത്രം മതിയത്രെ! അവിടന്ന് പറയുന്നു, വിശുദ്ധ ഖുർആൻ പറഞ്ഞ വിശ്വാസ കാര്യങ്ങൾ അനന്യവും അനുപമവുമാകുന്നു. അതിന്റെ തെളിവുകൾ ഹൃദയത്തിൽ പ്രഭാവമുണ്ടാക്കുന്നു. വിശ്വാസപരമായ കാര്യങ്ങൾ വളരെ തുറന്നു പറഞ്ഞിരിക്കുന്നു. വിശുദ്ധ ഖുർആൻ വളരെയേറെ സാഹിത്യപൂർണമാകുന്നു. അത് അറേബ്യയിലെ നാട്ടിമ്പുറത്തുകാർക്ക് അതായത് തികച്ചും നിരക്ഷർക്കുപോലും മനസ്സിലാക്കിക്കൊടുത്തു എന്നിരിക്കെ ഇന്ന് എന്തുകൊണ്ട് മനസ്സിലാകുകയില്ല."(മൽഫൂദാത്ത് വാള്യം 9, പേജ് 228, 1984 പതിപ്പ്)

ആ നിരർഥരായ ആളുകൾ ഗ്രാമങ്ങളിൽ വസിക്കുന്നവരായിരുന്നു. തികച്ചും നിരക്ഷരകുക്ഷികളുമായിരുന്നു. എന്നല്ല മനുഷ്യരെക്കാളും അധഃപതിച്ചവരായിരുന്നു. അവരെയാണ് ദൈവം മനുഷ്യരാക്കി മാറ്റിയത്. അവർക്ക് കാര്യം മനസ്സിലായിട്ടുണ്ടെങ്കിൽ നിങ്ങൾക്കെന്തുകൊണ്ട് ഇതു മനസ്സിലാകുകയില്ല. ഇവരിൽ ഭൂരിഭാഗവും എന്തെങ്കിലുമൊക്കെ പഠിച്ചവരാണു താനും. അവിടന്ന് പറഞ്ഞു:

"ചൊവ്വായതും സത്യമായതും ഏറെ സരളവുമായ സംവാദനമാണ് വിശുദ്ധ ഖുർആനിലുളളത്. അതിൽ സങ്കീർണതകളൊന്നുമില്ല. അത് ഒരു ചൊവ്വായ മാർഗമാണ്. അതാണ് അല്ലാഹു നമുക്കു പഠിപ്പിച്ചുതന്നത്. വിശുദ്ധ ഖുർആൻ ശ്രദ്ധയോടെ പഠിക്കേണ്ടതാണ്. അതിന്റെ വിധിവിലക്കുകൾ വെവ്വേറെ നോക്കിവെക്കുക." വലിയ ലളിതമായ മാർഗമാണ്. ചെയ്യാനുള്ള കല്പനകൾ, ബാഹ്യമായി നിങ്ങൾക്കു കാണാൻ സാധിക്കുന്ന കല്പനകൾ അതനുസരിച്ച് പ്രവർത്തിക്കുക. ഏതൊന്നാണോ തടഞ്ഞിട്ടുള്ളത് അത് ചെയ്യാതിരിക്കുക. അതുകൊണ്ട് അല്ലാഹു സന്തോഷിക്കുന്നതായിരിക്കും.

താർക്കികന്മാരും തത്ത്വശാസ്ത്രിമാരും ഉണ്ടാക്കിയിട്ടുള്ള സാങ്കേതിക പദങ്ങൾ അധികവും കാലിടറാൻ കാരണമാണ്. അവയിൽ സങ്കീർണതകളും പ്രയാസങ്ങളുമാണുള്ളത്. താർക്കികന്മാരേയും തത്ത്വശാസ്ത്രിമാരേയും പിന്തുടരരുത്. അവർ ഉണ്ടാക്കിയിട്ടുള്ള സാങ്കേതികത്വവും വിശുദ്ധ ഖുർആനിനെ ദുഷ്കരമായക്കി സമർപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് കാലിടറിപ്പോകാനിടയുണ്ട്. ഒന്നും മനസ്സിലാകുന്നതല്ല. ജനങ്ങൾക്ക് പ്രയാസമുണ്ടായിട്ടുണ്ടെങ്കിൽ അത് താർക്കികന്മാരും തത്ത്വചിന്തകന്മാരും നാമമാത്ര പണ്ഡിതന്മാരും മുഖേനയാണ് സംഭവിച്ചിട്ടുള്ളത്. ഒരു മഹാത്മാവ്, അദ്ദേഹത്തെ കുറിച്ച് നമുക്ക് നല്ല അഭിപ്രായം തന്നെയാണുള്ളത് അയാൾ സദുദ്ദേശ്യത്തോടെയായിരിക്കും എഴുതിയിട്ടുള്ളത്. പക്ഷേ, അയാളുടെ മൊഴി ശരിയല്ല. അയാൾ എഴുതിയിരിക്കുന്നു, "ശെയ്ഖ് അബ്ദുൽ ഖാദിർ ജീലാനി പൂർണനായിരുന്നില്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന് പൂർണമായ നിലയിൽ ഇറക്കമുണ്ടായിട്ടില്ല, കയറ്റം മാത്രമായിരുന്നു." മുകളിൽ പോകണമായിരുന്നു. അല്ലാഹുവിൽനിന്ന് അദ്ദേഹത്തിന് ഇൽഹാമുകളൊന്നും അങ്ങനെ ഉണ്ടായിട്ടില്ല. എന്നാൽ, ദുആ സ്വീകരിക്കപ്പെട്ടിരുന്നു. "ഇക്കാരണത്താൽ അദ്ദേഹത്തിൽനിന്ന് ധാരാളം കറാമത്തുകളുണ്ടായി. നുസൂൽ അഥവാ ഇറക്കം പൂർണമായിരുന്നെങ്കിൽ കറാമത്തുണ്ടാകുമായിരുന്നില്ല. ഇതാണ് പറയുന്നവർ പറഞ്ഞിട്ടുള്ളത്. ഇതിൽ വിശുദ്ധ ഖുർആന് വിരുദ്ധമായിട്ടുള്ള കാര്യങ്ങളാണുള്ളത്. ഈ വാക്കുകൾ വിശുദ്ധ ഖുർആനിനും ഹദീഥിനും തികച്ചും എതിരാകുന്നു. വാസ്തവത്തിൽ ശെയ്ഖ് അബ്ദുൽ ഖാദിർ ജീലാനി അല്ലാഹുവിന്റെ സമ്പൂർണ ദാസനായിരുന്നു. അദ്ദേഹത്തിനുമേൽ മുഅ്ജിസത്തുകളെ സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുകയാണെങ്കിൽ ഈ ആക്ഷേപം എല്ലാ പ്രവാചകന്മാരുടെ മേലും ഉണ്ടാകുന്നതായിരിക്കും." പക്ഷേ, ഇതും ഓർമവെക്കേണ്ടതാണ്, അദ്ദേഹത്തെ പറ്റി അദ്ദേഹത്തെ അനുകൂലിക്കുന്നവർ അതിശയോക്തി കലർത്തി കറാമത്തുകൾ പറയുന്നു. അതിനുമേൽ അടിക്കുറിപ്പുകൾ ചേർക്കുന്നു. അദ്ദേഹത്തെ കുറിച്ച് ഇപ്പറയുന്ന കാര്യങ്ങൾ തെറ്റാണ്. അതേ മുഅ്ജിസത്തുണ്ട്. പ്രകൃതിനിയമത്തിനും ശരീഅത്തിനും വിധേയമായി സംഭവ്യമാകുന്ന മുഅ്ജിസത്താണുണ്ടാകുന്നത്. അത് അമ്പിയാക്കന്മാരിൽനിന്നുണ്ടാകുന്നു. അതുതന്നെ ഇവരിൽനിന്നുമുണ്ടാകുന്നു. പറഞ്ഞു: ഇത് ഒരുപറ്റം സൂഫീവര്യന്മാരുടെ തെറ്റായ പ്രവണതകളെ പിൻപറ്റുന്നതിന്റെ ഫലമാണ്. വിശുദ്ധഖുർആനിൽനിന്നോ ഹദീഥിൽനിന്നോ അതിന് സാക്ഷ്യം ലഭിക്കുന്നില്ല.'(മൽഫൂദാത്ത് വാള്യം 10,പേജ് 5-6, 1984 പതിപ്പ്)

ഒരു കൂട്ടർ ഇതൊന്നും അംഗീകരിക്കുന്നില്ല. മറ്റൊരു കൂട്ടർ ഇതെല്ലാം അംഗീകരിക്കുകയും സകല പരിധികളും ലംഘിക്കുകയും ചെയ്യുന്നു. അംഗീകരിക്കാൻ കഴിയാത്തത് ആ സൂഫീവര്യന്മാർ കാരണമാണ്. അംഗീരിക്കുന്നവരാണെങ്കിൽ അവരും തെറ്റായ തരത്തിലുള്ള ആളുകളുടെ വ്യാഖ്യാനങ്ങൾ കാരണത്താലാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കേണ്ടതാണ്. അവയെ പ്രകൃതി നിയമത്തിനും ശരീഅത്ത് നിയമത്തിനും വിധേ

യമായും നബിമാരുടെ മുഅ്ജിസത്തുകൾക്ക് വിധേയമായും വെക്കുക. പ്രവാചകന്മാരെക്കാളുപരി ആർക്കും മുഅ്ജിസത്തുകൾ കാണിക്കാൻ കഴിയുകയില്ല.

വിശുദ്ധ ഖുർആൻ യഥാർഥ ദൈവത്തെ അവതരിപ്പിക്കുന്നു. ഇതു സംബന്ധമായി അവിടന്ന് പറയുന്നു: "അല്ലാഹുവിന് നന്ദി. വിശുദ്ധ ഖുർആൻ അപൂർണമായ സിഫത്തുകൾ അഥവാ സവിശേഷ ഗുണങ്ങളുള്ളവനും ആത്മാക്കളുടെ ഉടമസ്ഥനല്ലാത്തവനും പരമാണുക്കളുടെ ഉടമസ്ഥനല്ലാത്തവനും മോക്ഷം നല്കാൻ കഴിവില്ലാത്തവനും തൗബ അഥവാ പശ്ചാത്താപം സ്വീകരിക്കാത്തവനുമായ ദൈവത്തെ അവതരിപ്പിച്ചിട്ടില്ല. പ്രത്യുത നമ്മൾ വിശുദ്ധ ഖുർആനിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സ്രഷ്ടാവും നമ്മുടെ ഉടമസ്ഥനും നമ്മുടെ അന്നദാതാവും പരമകാരുണികനും കരുണാമയനും രക്ഷാശിക്ഷയുടെ നാളിന്റെ ഉടമസ്ഥനുമായ ദൈവത്തിന്റെ ദാസരാണ്. അല്ലാഹുവിന്റെ ശരിയായ സിഫത്തുകളെ പ്രകടിപ്പിക്കുന്ന ഗ്രന്ഥം നമുക്ക് പ്രദാനം ചെയ്തതിന് മുഅ്മിനീങ്ങൾ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കേണ്ട സന്ദർഭമാണിത്. ഇത് അല്ലാഹുവിന്റെ വലിയ നിഅ്മത്താണ്." (മൽഫൂദാത്ത് വാല്യം 9, പേജ് 98, 1984 പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജ്ഞാനനിർഭരവും വിശുദ്ധ ഖുർആനിന്റെ മഹത്ത്വവും ശ്രേഷ്ഠതകളും സംബന്ധിച്ച കാര്യങ്ങളും തുടർന്നും വിവരിക്കുന്നതാണ്. ഇൻശാഅല്ലാഹ്. ഇപ്പോൾ ഇവിടെ നിറുത്തുകയാണ്. അല്ലാഹു നമുക്ക് ഇക്കാര്യങ്ങൾ മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും വിശുദ്ധ ഖുർആൻ പഠിക്കാനും മനസ്സിലാക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

ഇനി ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കുന്നതാണ്. പ്രത്യേകിച്ചും ബംഗ്ലാദേശിലെ ശഹീദിനെ അനുസ്മരിക്കുന്നതായിരിക്കും. അതിനുശേഷം ജനാസഗാഇബും നമസ്കരിപ്പിക്കുന്നതാണ്. അതുകൊണ്ട് അതിനെ പറ്റി പറയുകയാണ്:

നമുക്ക് അറിയുന്നതുപോലെ കഴിഞ്ഞ വെള്ളിയാഴ്ച ബംഗ്ലാദേശിൽ ജൽസ നടക്കുകയായിരുന്നു. ജൽസക്കിടയിൽ അക്രമകാരികളും ഭീകരവാദികളും ആക്രമണം നടത്തുകയുണ്ടായി. പോലീസുകാരും സർക്കാർ അധികൃതരും തങ്ങൾ കൺട്രോൾ ചെയ്യുന്നതാണെന്ന് ആദ്യമെതന്നെ നമ്മളോടു പറഞ്ഞിരുന്നു. ഒന്നും ഉണ്ടാകുകയില്ല, നിങ്ങൾ ജൽസ നടത്തിക്കൊള്ളുക എന്നു പറഞ്ഞ് സമാധാനിപ്പിച്ച് ജൽസയ്ക്ക് അനുവാദം തന്നിരുന്നതാണ്. ജൽസ തുടർന്നുകൊണ്ടിരുന്നു. പക്ഷേ, ആളുകൾ സംഘടിച്ചെത്തിയപ്പോൾ പോലീസ് അവിടെ തമാശകണ്ടുകൊണ്ട് നില്ക്കുകയാണ് ചെയ്തത്. അങ്ങനെ കുറച്ചു മണിക്കൂറുകൾക്കുശേഷം മുകളിൽനിന്ന് അവർക്ക് കല്പന കിട്ടിയപ്പോഴാണ് അവർ ആക്ഷനെടുത്തത്. പക്ഷേ, അപ്പോൾ ഒരുപാട് നഷ്ടങ്ങൾ ഉണ്ടായികഴിഞ്ഞിരുന്നു. എന്തായാലും ഈ കലാപത്തിൽ നമ്മുടെ ഒരു സഹോദരൻ, കുട്ടി, സാഹിദ് ഹസൻ സാഹിബും ശഹീദായി. അദ്ദേഹം ബംഗ്ലാദേശിലെ അബൂബക്ർ സിദ്ദീഖ് സാഹിബിന്റെ മകനാണ്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

നാഷണൽ അമീർ അബ്ദുൽ അവ്വൽ സാഹിബ് എഴുതുന്നു: "സാഹിദ് ഹസൻ സാഹിബ് മാർച്ച് 3ന് പഞ്ചോഗഡ് ജില്ലയിലെ അഹ്മദ് നഗറിൽ സംഘടിപ്പിച്ച ജൽസയുടെ അവസരത്തിൽ ഗെയ്റ്റിലും മുറ്റത്തും കാവൽ നില്ക്കുന്ന നേരത്ത് എതിരാളികളുടെ ആക്രമണത്തിന്റെ ഫലമായി 25-ാം വയസ്സിൽ ശഹാദത്ത് വരിച്ചു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ശഹീദ് 2019-ലാണ് ബയ്അത്ത് ചെയ്തത്. മൂന്നു മാസത്തിനു ശേഷം വസിയ്യത്തിന്റെ അപേക്ഷയും പൂരിപ്പിച്ചു നല്കി. അദ്ദേഹത്തിന്റെ കുടുംബം അഹ്‌ലെ ഹദീഥ് കക്ഷിയിൽപെട്ടവരാണ്. അഹ്മദിയ്യത്ത് സ്വീകരിച്ചതിനു ശേഷം ശഹീദ് മർഹൂം തന്റെ മാതാപിതാക്കളെ തബ്‌ലീഗ് ചെയ്യാൻ തുടങ്ങി. അതിന്റെ ഫലമായി 2020-ൽ അദ്ദേഹത്തിന്റെ മാതാപിതാക്കളും ബയ്അത്തു ചെയ്യാനുള്ള ഭാഗ്യം കരസ്ഥമാക്കി. ബയ്അത്തിനുശേഷം ശഹീദ് മർഹൂം കൃത്യമായി എനിക്ക് കത്തും എഴുതുമായിരുന്നു.

അദ്ദേഹത്തിന്റെ ബയ്അത്തും അഹ്മദിയായ സംഭവവും ഇങ്ങനെയാണ്. അദ്ദേഹത്തിന്റെ ഒരു സഹപാഠിയായിരുന്നു മുഹമ്മദ് റഫ്അത്ത് ഹുസയ്ൻ. അദ്ദേഹം ബോഗ്ര നഗരത്തിൽ പുൻദര(Pundra)യൂണിവേഴ്സിറ്റി ഓഫ് സയൻസിൽ പഠിക്കുകയായിരുന്നു. ഇവരിരുവരും സയൻസ് & ടെക്നോളജിയിൽ ബി എസ് സി ചെയ്യുകയായിരുന്നു. ആ അഹ്മദി സ്നേഹിതൻ, അദ്ദേഹത്തെ തബ്‌ലീഗ് ചെയ്തു. രണ്ടു വർഷത്തെ തബ്‌ലീഗിനുശേഷം അദ്ദേഹത്തിന് അഹ്മദിയ്യത്തിന്റെ സത്യത വ്യക്തമായപ്പോൾ അദ്ദേഹം ബയ്അത്ത് ചെയ്തു." അവ്വൽ സാഹിബ് എഴുതുന്നു: "ജൽസാസാലാനയുടെ തുടക്കത്തിൽത്തന്നെ ജൽസാഗാഹിന്റെ നാലുഭാഗത്തുനിന്നും മുല്ലാക്കൾ തങ്ങളുടെ ശിങ്കിടികളോടൊപ്പം ജൽസാഗാഹിന്റെ ഭിത്തിയിലും പടിഞ്ഞാറുഭാഗത്തുള്ള ഗെയ്റ്റിലും ആക്രമണം നടത്താൻ തുടങ്ങി. കല്ലെറിയുന്നതു കൂടാതെ നാട്ടായുധങ്ങൾകൊണ്ട് കോടാലി തുടങ്ങിയവകൊണ്ട് ആക്രമണം നടത്തുകയായിരുന്നു. എവിടെയൊക്കെ അവർക്ക് അവസരം കിട്ടിയോ അവർ തീ വെച്ചുകൊണ്ടിരുന്നു. ഖുദ്ദാം വലിയ തന്റേടത്തോടുകൂടി തങ്ങളുടെ ചുമതലകൾ നിർവഹിച്ചുകൊണ്ടിരുന്നു. പൊതുവിൽ ഡ്യൂട്ടികൾ ചെയ്യുന്നവർക്കല്ലാതെ പുറത്തുപോകുന്നതിന് അവസരമുണ്ടായിരുന്നില്ല. എല്ലാവരും ഖുദ്ദാമും ഉള്ളിൽത്തന്നെയുണ്ടായിരുന്നു. ഉള്ളിൽനിന്ന് സംരക്ഷിക്കുകയായിരുന്നു. ജൽസ ആരംഭിച്ച് ഒന്നേമുക്കാൽ മണിക്കൂർ കഴിഞ്ഞപ്പോൾ അക്രമകാരികൾ ഭിത്തിയുടെ ഒരു ഭാഗം പൊളിക്കുന്നതിൽ വിജയിച്ചപ്പോൾ ഖുദ്ദാമിനോടു എന്തുവില കൊടുത്തും ഭിത്തിയുടേയും ജൽസഗാഹിന്റേയും സംരക്ഷണം ഉറപ്പുവരുത്താൻ പറയപ്പെട്ടു. ആ നേരത്ത് ഗെയ്റ്റ് നമ്പർ ഒന്നിൽ നിന്നിരുന്ന സാഹിദ് ഹസൻ ശഹീദ് തന്റെ കൂട്ടുകാരോടൊപ്പം ഗെയ്റ്റിൽ നിന്ന് പുറത്തുവന്ന് ജൽസാ ഗാഹിനുമേൽ ആക്രമണം നടത്തുന്നവരെ നീക്കുന്നതിനുവേണ്ടി വേഗത്തിലും തന്റേടത്തോടുംകൂടി എത്തി. ചെറുത്തു നില്പിന്നിടയിൽ ഇദ്ദേഹം തന്റെ കൂട്ടുകാരിൽനിന്ന് ഒറ്റപ്പെട്ടുപോയി. ആ അവസരത്തിൽ അക്രമകാരികൾ അദ്ദേഹത്തെ വളഞ്ഞു. അദ്ദേഹത്തിന്റെ തലയ്ക്കുപിന്നിൽ കോടാലിയോ മൂറിച്ചയുള്ള മറ്റെന്തോ ആയുധമോ കൊണ്ട് ആക്രമണം നടത്തി. അദ്ദേഹത്തെ വലിച്ചുകൊണ്ട് കുറച്ചു ദൂരത്ത് കൊണ്ടുപോയി. അദ്ദേഹത്തിന്റെ മുഖത്തും ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലും നിർദയമായ രീതിയിൽ ആക്രമണം നടത്തിക്കൊണ്ട് തങ്ങൾ മൃഗങ്ങളാണെന്നതിന് അവർ തെളിവു നല്കി. ശഹീദായ സാഹിദ് ഹസനെ എത്രമാത്രം മൃഗീയമായാണ് വധിച്ചതെന്നാൽ അദ്ദേഹത്തെ തിരിച്ചറിയുന്നതിന് രണ്ടു മണിക്കൂർ വേണ്ടിവന്നു. ഈ മുസ്‌ലിമീങ്ങളുടെ അവസ്ഥ ഇതാണ്. അല്ലാഹുവിന്റേയും റസൂലിന്റേയും പേരിൽ അവർ അക്രമത്തിന്റേയും ബലാൽക്കാരത്തിന്റേയും പാരമ്യതയിലെത്തിയിരിക്കുന്നു. നബി(സ)തിരുമേനി യുദ്ധാവസരത്തിൽപോലും ശത്രുവിന്റെ മൃതദേഹം വികൃതമാക്കുന്നത് അനുവദിച്ചിരുന്നില്ല. എന്നാൽ, ഇവർ അല്ലാഹുവിന്റേയും റസൂലിന്റേയും നാമം ഉച്ചരിക്കുന്നവരോടാണ് ഇങ്ങനെ പെരുമാറുന്നത്!

അല്ലാഹുതന്നെ അവരെ പിടികൂടുകയും ശിക്ഷിക്കുകയും ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ ഡ്യൂട്ടി ഐഡന്റിറ്റി കാർഡ് അദ്ദേഹത്തിന്റെ നെഞ്ചിൽനിന്ന് കലാപകാരികൾ നീക്കിയിരുന്നു. എന്നാൽ, ഖുദ്ദാമിന്റെ ഡ്യൂട്ടി യൂണിഫോമിലാണ് അദ്ദേഹം ഉണ്ടായിരുന്നത്. അതുകൊണ്ട് തിരിച്ചറിയാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ ജനാസ ലഭിച്ചതിനുശേഷം തഹജ്ജുദ്-സ്വുബ്ഹി നമസ്കാരത്തിനുശേഷം ജനാസ നമസ്കരിച്ചു. ജൽസയിൽ പങ്കെടുക്കാൻ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ആയിരക്കണക്കിന് അഹ്മദികൾ ജനാസയിൽ ഭാഗഭാക്കായി. ജനാസയിൽ പങ്കെടുത്തവരുടെ അവസ്ഥ തികച്ചും വിവരണാതീതമാണ്. വളരെ വേദനാനിർഭരമായിരുന്നു. എല്ലാവരും അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഏങ്ങലടിച്ചും വിതുമ്പിയുമാണ് പ്രാർഥനയിൽ മുഴുകിയത്. അതിനുശേഷം നിയമപ്രശ്നങ്ങൾ കാരണം പോസ്റ്റുമാർട്ടം നടന്നു. ഉച്ചയ്ക്കുശേഷം സംഘമായി ശഹീദിന്റെ ജനാസ അദ്ദേഹത്തിന്റെ ജന്മനാട്ടിൽ ആംബുലൻസിൽ കൊണ്ടുപോയി. രാത്രി 10 മണിക്ക് മണ്ണിനെ ഏല്പിച്ചു.

ശഹീദ് മർഹൂമിന്റെ ആത്മസുഹൃത്ത് അസീസ് റഫ്അത്ത് ഹുസയ്ൻ സാഹിബ് പറയുന്നു: "യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നതിന്നിടയിൽ അദ്ദേഹവുമായി വളരെ അടുത്തു. നല്ല സൗഹൃദത്തിലായി. അദ്ദേഹം പ്രകൃത്യാ തന്നെ വളരെ മാന്യനായിരുന്നു. എങ്കിലും ഇബാദത്തുകളിൽ താൽപര്യം കുറവായിരുന്നു. എന്നാൽ, അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിന്റെ അവസ്ഥ ആകെ മാറി. നമസ്കാരം ജമാഅത്തോടുകൂടി അനുഷ്ഠിക്കുന്നത് ശീലമായി. അദ്ദേഹം വളരെ വിനയനും സൗമ്യഭാഷിയും


**ത്വാലിബെ ദുആ**

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല." (വിശുദ്ധ ഖുർആൻ 51:57)



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• അല്ലാഹുവിന്റെ കലാം: •**

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ." (വിശുദ്ധ ഖുർആൻ 3:148)**


ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

സൽസ്വഭാവിയുമായ യുവാവായിരുന്നു. അഞ്ചു വർഷത്തിന്നിടയിൽ അദ്ദേഹം ആരോടും ഉറക്കെ സംസാരിക്കുന്നത് കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ സൗഭാഗ്യത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ ബയ്അത്തു ചെയ്ത ഉടൻതന്നെ വസിയ്യത്തു ചെയ്യാനും ഭാഗ്യം ലഭിച്ചു. സാഹിദ് ഹസൻ ശഹീദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സക്രിയനായ അംഗമായിരുന്നു. ശഹാദത്ത് നടക്കുമ്പോൾ അദ്ദേഹം ഡാക്കയിലേയും ബരീസാലിന്റേയും ഖുദ്ദാമുൽ അഹ്മദിയ്യ തദ്ദേശ മുഅ്ത്തമിദായി പ്രവർത്തിക്കുകയായിരുന്നു. ഇപ്രകാരംതന്നെ ഡാക്കയിലെ മോത്തീജീൽ ഹൽഖയുടെ സയീമുമായിരുന്നു.
ഈ മജ്‌ലിസിന്റെ ഖാഇദും മുഹ്ത്തമിം മഖാമിയുമായ ജനാബ് ള്വുഹൂറുൽ ഇസ്‌ലാം സാഹിബ് പറയുന്നു: "അദ്ദേഹം മജ്‌ലിസിന്റെ ജോലികളിൽ കൃത്യതയുള്ളയാളും സീനിയർ ആയവരെ അനുസരിക്കുന്ന വ്യക്തിയുമായിരുന്നു. എപ്പോഴും മുന്നിട്ട് സലാം പറയുമായിരുന്നു. സദാ സുസ്മേര വദനനായിരുന്നു. ഒന്നോ ഒന്നേകാലോ വർഷം മുമ്പേ അദ്ദേഹം ബി.എസ്സ്.സി പാസ്സായി. ഒരു കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചു. ഡാക്കയിൽനിന്ന് ദൂരെ പോകേണ്ടിവന്നാൽ അടുത്തുള്ള മജ്‌ലിസ്സും സന്ദർശിച്ചിരുന്നു. അദ്ദേഹത്തിന്റെ ഫെയ്സ് ബുക് അക്കൗണ്ടിലെ വ്യക്തിപരമായ പ്രൊഫൈൽ **വമൻയ്യതവക്കൽ അലല്ലാഹി ഫഹുവ ഹസ്ബുഹൂ**(അത്ത്വലാഖ്:4) എന്നതിന്റെ തർജമയായിരുന്നു."
മുറബ്ബി ശരീഫ് അഹ്മദ് സാഹിബ് എഴുതുന്നു: "ശഹീദ് അദ്ദേഹത്തിന്റെ സുഹൃത്ത് റഫ്അത്ത് ഹുസയ്ൻ സാഹിബിനോടൊപ്പം അനുകൂലിയായി വരുമ്പോൾ ഞാൻ തേബാഡിയ ജമാഅത്തിലായിരുന്നു. ബയ്അത്ത് ചെയ്യണമെന്ന് അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ഞാൻ പറഞ്ഞു: കുറച്ചുകൂടി നല്ലപോലെ അന്വേഷിച്ചു നോക്കുക. അദ്ദേഹം പറഞ്ഞു: ഞാൻ ആ സമയത്തുതന്നെ ജമാഅത്തിന്റെ സത്യം മനസ്സിലാക്കിയിരുന്നു. എങ്കിലും താങ്കൾ പറഞ്ഞതുകൊണ്ട് പിന്നീട് ബയ്അത്ത് ചെയ്യാമെന്നു കരുതി. തുടർന്ന് അടുത്ത തവണ അദ്ദേഹം ബയ്അത്ത് ചെയ്തു. മുറബ്ബി സാഹിബ് പറയുന്നു: ബയ്അത്തിനുശേഷം അദ്ദേഹം അഹ്മദിയ്യത്തിനേയും ജമാഅത്ത് വ്യവസ്ഥിതിയേയും കുറിച്ച് നല്ലവണ്ണം മനസ്സിലാക്കാൻ ശ്രമിച്ചു. വളരെ ആഴത്തിൽ പഠിക്കുകയും ചെയ്തു. ഞാൻ പറഞ്ഞതുപോലെ എനിക്കും കത്തയക്കുമായിരുന്നു.അവസാനം ജൽസയ്ക്കു പോകുമ്പോഴാണ് കത്തയച്ചത്. അദ്ദേഹം എഴുതുന്നു: ഞങ്ങൾ ട്രെയിനിൽ ജൽസയ്ക്കുപോകുകയാണ്. ശത്രുക്കളുടെ പദ്ധതി വളരെ ഭയാനകമാണ്. ചില സ്ഥലങ്ങളിൽ അവർ തീ ഇട്ടിട്ടുണ്ട്. പക്ഷേ, ഞങ്ങൾ ഇൻശാ അല്ലാഹ് ജൽസ നടത്തുന്നതാണ്. തന്റെ ഈമാൻ പ്രകടിപ്പിക്കുകയായിരുന്നു അദ്ദേഹം. കൂടാതെ തന്റെ ബന്ധുക്കളും ഗ്രാമക്കാരും അഹ്മദികളാകാനും മുഴുവൻ ഗ്രാമവാസികളും അഹ്മദിയ്യത്ത് സ്വീകരിക്കാനും ദുആക്കും അപേക്ഷിച്ചിരുന്നു. ഇതാണ് അദ്ദേഹം എഴുതിയ അവസാനത്തെ കത്ത്."
ഒരു ഖാദിം എഴുതുന്നു: "ശഹീദ് വളരെ വിനയനായ അംഗമായിരുന്നു. ആരെങ്കിലും വല്ല ജോലിയും ഏല്പിച്ചാൽ അത് ചെയ്യാതിരിക്കില്ല. ചിലപ്പോൾ തമാശയ്ക്ക് അദ്ദേഹത്തോടു സാഹിദ് ഭായി ഇവിടെ ഇത്രയൊക്കെ ജോലി ചെയ്താൽ തീർന്നുപോകുമെന്നു പറയുമ്പോൾ അതുകേട്ട് ചിരിക്കുമായിരുന്നു. ശഹീദ് മൂസിയായിരുന്നു. അദ്ദേഹം ഇത്രയും വേഗം എന്തി നാണ് വസിയ്യത്ത് ചെയ്തതെന്ന് അറിയാൻ ഞാനാഗ്രഹിച്ചിരുന്നു. അദ്ദേഹം പറഞ്ഞു: 'ഇമാം മഹ്ദി സത്യവാനാണ്. അദ്ദേഹം പറഞ്ഞിട്ടുള്ളതെല്ലാം സത്യമാണ്. മസീഹ് മൗഊദ്(അ) വസിയ്യത്തു ചെയ്യാൻ പറഞ്ഞു. അതുകൊണ്ടു ഞാൻ വസിയ്യത്തു ചെയ്തു. അദ്ദേഹത്തിന്റെ വർത്തമാനം കേട്ടപ്പോൾ, അദ്ദേഹം മസീഹു മൗഊദിൽ എത്ര ആഴത്തിലാണ് വിശ്വസിക്കുന്നതെന്നോർത്ത് അത്ഭുതപ്പെട്ടുപോയി."
അഹ്മദിയ്യത്തു സ്വീകരിക്കാനുള്ള അടിസ്ഥാനപരമായ കാരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "ഇന്നേവരെ ഇമാം മഹ്ദിയാണെന്നും മസീഹാണെന്നും നബിയാണെന്നും പറഞ്ഞവരാരും അവർ വ്യക്തിയാവട്ടെ സംഘമാവട്ടെ വിജയിച്ചിട്ടില്ല. ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനീ(അ) മാത്രമാണ് വിജയിച്ചിട്ടുള്ളത്. അദ്ദേഹം വ്യാജനായിരുന്നുവെങ്കിൽ മറ്റു വ്യാജവാദികളെപ്പോലെ അദ്ദേഹത്തിന്റെ അവസ്ഥയുമാകുമായിരുന്നു."
ശഹീദിന്റെ മാതാപിതാക്കൾ ജീവിച്ചിരിക്കുന്നുണ്ട്. നേരത്തെ പറഞ്ഞതുപോലെ അവർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികളാണ്. ശഹീദ് മാതാപിതാക്കളുടെ ഏക മകനാണ്. അവിവാഹിതനാണ്. രണ്ടു സഹോദരിമാരുണ്ട്. ഇരുവരും വിവാഹിതരാണ്. പക്ഷേ, അനഹ്മദികളാണ്. ജമാഅത്തിന്റെ അനുകൂലികളാണ്. അല്ലാഹു മാതാപിതാക്കൾക്ക് ഈ വിഷമം സഹിക്കാൻ കഴിവു നല്കുമാറാകട്ടെ. ഞാൻ പറഞ്ഞതുപോലെ ഏകമകനായിരുന്നു. അസഹ്യമായ വേദന സ്വാഭാവികമാണ്. അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുമാത്രമെ സഹിക്കാനുള്ള കഴിവു കിട്ടുകയുള്ളൂ. അല്ലാഹു ശഹീദിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ഏതായാലും ഈ ശഹീദും ദൈവവചനപ്രകാരം ശാശ്വതമായി ജീവിച്ചിരിക്കുന്നു. അല്ലാഹു എപ്പോഴും അദ്ദേഹത്തോടു പ്രത്യേകനിലയിൽ പെരുമാറട്ടെ. ഈ അക്രമകാരികളെ പിടിക്കാൻ എത്രയും വേഗം സാഹചര്യമൊരുക്കുമാറാകട്ടെ. ശത്രു കരുതുന്നത് ജമാഅത്തിലെ അംഗങ്ങളെ ഇങ്ങനെ വധിച്ചും കാഠിന്യത്തോടെ പ്രവർത്തിച്ചും അവരെ അശേഷം ഇല്ലാതാക്കാമെന്നാണ്. എന്നാൽ, കാര്യം അതിനു നേരെ വിപരീതമാകുന്നു. അവിടെനിന്ന് പല കത്തുകളും എനിക്കു വന്നിട്ടുണ്ട്. ചില യുവാക്കൾ എഴുതുന്നത് കൂടുതൽ ശഹാദത്ത് ആവശ്യമാണെങ്കിൽ ഞങ്ങൾ ആ ആവശ്യം വിറവേറ്റാൻ കഴിയുന്നതിന് ദുആ ചെയ്യുക എന്നാണ്.
ഇത്തരമാളുകൾക്ക് ഈ ദുർഭഗന്മാരായ ശത്രുക്കൾ എന്തു നഷ്ടമുണ്ടാക്കാനാണ്. ഏതായാലും ദുആ ചെയ്യുക. അല്ലാഹു അവരുടെ ദ്രോഹത്തിൽനിന്ന് നമ്മെ കാത്തുരക്ഷിക്കുകയും നമുക്കുമേൽ കരുണയും അനുഗ്രഹവും വർഷിക്കുകയും ചെയ്യുമാറാകട്ടെ. ഇപ്പോൾ ദുആകളിൽ നല്ലതുപോലെ ശ്രദ്ധ ചെലുത്തുക.
രണ്ടാമത്തെ ജനാസ അൾജീരിയായിലെ കമാൽ ബദാഹ് സാഹിബിന്റേതാകുന്നു. അദ്ദേഹം ഫെബ്രുവരി രണ്ടാം തിയതി വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 57 വയസ്സായിരുന്നു. സ്വദ്ർ ജമാഅത്ത് അബ്ദുൽ ഹലീം സാഹിബ് എഴുതുന്നു: പരേതൻ ഒരു സത്യസന്ധനായ വിശ്വാസിയും ആത്മാർഥനായ അഹ്മദിയുമായിരുന്നു. അദ്ദേഹം തന്റെ വീട് ജമാഅത്തിന്റെ യോഗങ്ങൾ നടത്തുന്നതിനും നമസ്കാരങ്ങൾക്കും തബ്‌ലീഗ് പ്രവർത്തനങ്ങൾക്കുംവേണ്ടി വിട്ടു നല്കിയിരുന്നു. എല്ലാ അഹ്മദികളും അദ്ദേഹത്തിന്റെ വിശ്വാസദാർഢ്യത്തിനും അതിഥി സൽക്കാരത്തിനും വിശാല ഹൃദയത്തിനും സാക്ഷികളാകുന്നു. അദ്ദേഹത്തിന്റെ സന്തപ്തകുടുംബത്തിൽ ഭാര്യയും മൂന്നു മക്കളുമുണ്ട്. അതിൽ രണ്ട് ആൺമക്കൾ അനഹ്മദികളാണ്. ഒരു മകൾ അഹ്മദിയാണ്. അദ്ദേഹത്തിന്റെ ഭാര്യ കരീമ സാഹിബയ്ക്ക് സ്വദ്ർ ലജ്ന എന്ന നിലയിൽ സേവനം ചെയ്യാനുള്ള തൗഫീഖ് കിട്ടിയിട്ടുണ്ട്.
അൽജീരിയായിൽനിന്ന് ഹസാൻ ജമൂലി സാഹിബ് പറയുന്നു: കമാൽ ബദാഹ് സാഹിബ് വളരെ ആത്മാർഥനും നല്ല സേവനം ചെയ്യുന്ന ആളുമായിരുന്നു. അയൽവാസികളിൽനിന്ന് വിവിധ ബുദ്ധിമുട്ടുകളുണ്ടായിട്ടും അവസാനംവരേയും തന്റെ വീട് നമസ്കാരത്തിനുവേണ്ടി തുറന്നിട്ടിരുന്നു. ജുമുഅയ്ക്ക് വരുന്നവർക്കും അതിഥികൾക്കും ചിലപ്പോൾ സ്വയമേവ ഭക്ഷണം പാകം ചെയ്ത് നല്കിയിരുന്നു. സൃഷ്ടിസേവനത്തിന്റെ പല ജോലികളിലും രക്തദാനത്തിലും ഭാഗഭാക്കായിരുന്നു. പരേതന്റെ വീട്ടിൽ വിവിധ യോഗങ്ങളും ഈദു നമസ്കാരവും നടന്നിരുന്നു. സർക്കാറിന്റെ അടുക്കൽ പോയ സംഘത്തിലും പരേതനുണ്ടായിരുന്നു. പരേതൻ പറയുമായിരുന്നു, നമ്മൾ ജമാഅത്തിന്റെ ചരിത്രമാണ് രചിക്കുന്നത്. അൽജീരിയായിൽ ശക്തമായ എതിർപ്പുകൾ ഇപ്പോളുണ്ട്. അതുകൊണ്ട് അദ്ദേഹവും ഇക്കാര്യങ്ങളിലെല്ലാം ഭാഗഭാക്കായിരുന്നു. അല്ലാഹു അദ്ദേഹത്തോടു കരുണയോടും പൊറുക്കലോടുംകൂടി പെരുമാറട്ടെ.
അടുത്ത് ജനാസ ഡോക്ടർ ശമീം മലിക് സാഹിബയുടേതാണ്. ഇവർ മഖ്സൂദ് അഹ്മദ് മലിക് സാഹിബ് ശഹീദ് ലാഹോറിന്റെ ഭാര്യയാണ്. ഇദ്ദേഹം 2010–ൽ ലാഹോറിലെ ദാറുദ്ദിക്റിലാണ് ശഹീദായത്. തന്റെ ഭർത്താവിന്റെ ശഹാദത്തിനു കുറച്ചുകാലം കഴിഞ്ഞ് ഇവർ കനഡയിൽ പോയിരുന്നു. അവിടെയാണ് ഇവർ വഫാത്തായത്. പരേത പി.എച്ച്.ഡി വരെ പഠിച്ചു. കോളേജിൽ പഠിപ്പിച്ചിരുന്നു. പ്രൊഫസറായി. ഹെഡ് ഓഫ് ഡിപ്പാർട്ടുമെന്റിന്റെ പദവി വരെ സ്ഥാനക്കയറ്റം ലഭിച്ചു. പക്ഷേ, അതി

**• അല്ലാഹുവിന്റെ കലാം: •**

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."**
**(വിശുദ്ധ ഖുർആൻ 14:36)**

**• ഹദീഥുന്നബ്‌വി(സ): •**

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)**

ത്വാലിബെ ദുആ: NEWTECH. INTERNATIONAL(P)LTD
SRINGILS AND GLASS WORK ,ERNAKULAM. CONT: 79025 95215

ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA CONT: 80752 22792

നോടൊപ്പം വീട്, ജോലിയും കുട്ടികളുടെ ചുമതലകളുമെല്ലാം വളരെ നല്ല രീതിയിൽ നിറവേറ്റി. വ്യത്യാസമൊന്നും കൂടാതെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും വിശാലഹൃദയത്തോടെ ആതിഥ്യം നല്കുമായിരുന്നു. ആവശ്യക്കാരുടെ ആവശ്യങ്ങൾ നിറവേറ്റിയിരുന്നു. നല്ല അഭിപ്രായങ്ങൾ പറഞ്ഞുകൊടുക്കുന്ന സ്ത്രീയായിരുന്നു. അനഹ്മദീ സഹോദരങ്ങൾക്കും അനഹ്മദി ബന്ധുക്കൾക്കും പ്രബോധനം ചെയ്തിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ എപ്പോഴും വായിക്കുമായിരുന്നു. ജീവിതത്തിൽത്തന്നെ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ അവരെ കുറിച്ച് ഒരു തിസീസും എഴുതപ്പെട്ടു. തിസീസ് പിന്നീടാണ് എഴുതപ്പെടുന്നത്. പക്ഷേ, അവരെ കുറിച്ച് അവരുടെ ജീവിതകാലത്തുതന്നെ എഴുതപ്പെട്ടു. പഠനത്തോടു വളരെ താൽപര്യമായിരുന്നു. ധാരാളം ആളുകൾക്ക് വിശുദ്ധ ഖുർആൻ പഠിപ്പിച്ചിട്ടുണ്ട്. നോമ്പു പിടിക്കുകയും നമസ്കരിക്കുകയും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയുമെല്ലാം കൃത്യമായി അനുഷ്ഠിച്ചിരുന്നു. പതിവായി തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. ഇസ്ലാമിക ചിഹ്നങ്ങളെ ജീവിതത്തിൽ പകർത്തുകയും പർദ ധരിക്കുകയും ചെയ്യുമായിരുന്നു. ആത്മാർഥയും കൂറുള്ളവരുമായിരുന്നു. ഖിലാഫത്തിനോടു പ്രത്യേക ബന്ധമായിരുന്നു. പരേത മൂസിയാ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ ഒരു മകനും നാലു പെൺമക്കളുമുണ്ട്. ലാഹോർ ജമാഅത്ത് അമീർ മലിക് ത്വാഹിർ അഹ്മദ് സാഹിബിന്റെ സഹോദരിയാണിവർ. അല്ലാഹു അവരോടു പൊറുക്കലോടും കരുണയോടും കൂടി പെരുമാറട്ടെ. അവരുടെ മക്കളേയും തലമുറകളേയും അല്ലാഹു ഖിലാഫത്തുമായി ബന്ധപ്പെടുത്തി നിറുത്തുമാറാകട്ടെ.

അടുത്തത് അസീസം ഫർഹാദ് അഹ്മദ്. ഇദ്ദേഹം ഇർശാദ് അഹ്മദ് അമീനീ സാഹിബ് ജർമനിയുടെ മകനാണ്. 26–ാം വയസ്സിൽ കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം ഫ്രാങ്ക്ഫർട്ട് യൂണിവേഴ്സിറ്റിയിൽപഠിക്കുകയായിരുന്നു. വഖ്ഫെ നൗ പദ്ധതിയിൽ അംഗമായിരുന്നു. വഫാത്തിനുമുമ്പേ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിൽ തദ്ദേശ നിലയിലും റീജ്യണൽ നിലയിലും സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിരുന്നു. മർഹൂം നന്മയുള്ള സന്തോഷവദനനായ അനുസരണമുള്ള യുവാവായിരുന്നു. ജമാഅത്തിന്റേയും ഖുദ്ദാമിന്റേയും പ്രവർത്തികൾക്ക് സദാ സന്നദ്ധനായിരുന്നു. വഫാത്തിനു ഒരു ദിവസം മുമ്പേയും ജമാഅത്തുപരമായ പരിപാടിയിൽ മുഴുവൻ ദിവസം പിന്നെ രാത്രി ഒരുപാട് നേരവും സേവനനിരതനായിരുന്നു. അടുത്ത ദിവസം രാവിലെ മസ്ജിദിൽ സുബ്ഹി നമസ്കാരത്തിനുശേഷം ഖുദ്ദാമുൽ അഹ്മദിയ്യ മീറ്റിംഗിൽ പങ്കെടുത്തു. മീറ്റിംഗിനുശേഷം വീട്ടിൽ പോകാൻ തന്റെ കാറിന്നടുത്തെത്തിയതും ആരോഗ്യം വഷളാകുന്നതായി തോന്നി. മുറബ്ബി സാഹിബ് അദ്ദേഹത്തെ മിഷൻ ഹൗസിന്റെ ജനലിലൂടെ കാണുന്നുണ്ടായിരുന്നു. അദ്ദേഹത്തെ സഹായിക്കാനെത്തുകയും ചെയ്തതാണ്. ഇതിന്നിടയിൽ തന്റെ കാറിൽ ഇരുന്നെങ്കിലും ആരോഗ്യം വീണ്ടും വഷളായി. ശക്തമായ ഹൃദയാഘാതമുണ്ടായി എന്നാണ് ഡോക്ടർമാർ പറഞ്ഞത്. മൂന്നു നാലു മിനിറ്റിനുള്ളിൽ ആംബുലൻസ് വന്നു. അവർ വൈദ്യസഹായം നല്കിത്തുടങ്ങി. ഏകദേശം 45 മിനിറ്റുനേരം അവർ ശ്രമിക്കുകയും ചെയ്തു. പക്ഷേ, ദൈവവിധി വന്നെത്തുകയും അദ്ദേഹം യഥാർഥ യജമാനിലേക്ക് യാത്രാകുകയും ചെയ്തു.

ഫർഹാദ് മാതാപിതാക്കളുടെ ഏക മകനായിരുന്നു. അല്ലാഹു മാതാപിതാക്കൾക്ക് ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. പരേതനോടു കാരുണ്യത്തോടും പൊറുക്കലോടും പെരുമാറട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത ജനാസ ജാവേദ് അഹ്മദ് ബിസ്മൽ സാഹിബിന്റേതാണ്. അദ്ദേഹം കനഡയിലായിരുന്നു. കഴിഞ്ഞ ദിവസം 72–ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. നീണ്ട കാലമായി സുഖമില്ലാതിരിക്കുകയായിരുന്നു. തഹ്രീക്കെ ജദീദിന്റെ സ്ഥലങ്ങളിൽ വളരെ നീണ്ടകാലം മാനേജർ എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. തുടർന്ന് ഖുദ്ദാമുൽ അഹ്മദിയ്യായിലും മറ്റു ജമാഅത്തിന്റെ സേവനങ്ങൾക്കും തൗഫീഖ് ലഭിച്ചിരുന്നു. ഉമർകോട്ട് ജില്ല അമീർ എന്ന നിലയ്ക്കും സേവനം ചെയ്തിരുന്നു. സന്തപ്തകുടുംബത്തിൽ നാലു ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ മകൻ ത്വാഹിർ അഹ്മദ് പറയുന്നു: എന്റെ പിതാവ് ഒരുപാട് സൽസ്വഭാവങ്ങൾക്ക് ഉടമയായിരുന്നു. ദീനീസേവകനും ജനങ്ങൾക്ക് നന്മയുമായിരുന്നു. ഖിലാഫത്തിനോടു അഗാധമായ സ്നേഹമായിരുന്നു. എപ്പോഴും ഖിലാഫത്തിനോടു അഗാധമായ ബന്ധം നിലനിറുത്താൻ ശ്രമിച്ചിരുന്നു. സാധുക്കളെ ഒരുപാട് ശ്രദ്ധിച്ചിരുന്നു. കർഷകനായിരുന്നു. സിന്ധിൽ അദ്ദേഹത്തിന് നിലവുമുണ്ടായിരുന്നു. ഇവിടെ നിന്ന് പോകുമ്പോഴെല്ലാം സാധുക്കൾക്കുവേണ്ടി സമ്മാനങ്ങളും വസ്ത്രങ്ങളും അവരുടെ വിവാഹത്തിന് ഉപകാരപ്പെടണമെന്ന കരുതി നല്കിയിരുന്നു. അതിഥിസൽക്കാര പ്രിയനായിരുന്നു. എല്ലാ ദിവസവും ഞങ്ങളുടെ വീട്ടിൽ അതിഥികൾ വരാറുണ്ടായിരുന്നു. വളരെ നല്ല നിലയിൽ അവരെ സൽക്കരിച്ചിരുന്നു. അല്ലാഹു അദ്ദേഹത്തെ നല്ല യോദ്ധാവാക്കിയിരുന്നു. ശത്രുക്കളെ കാണുമ്പോൾ ജമാഅത്തിന്റെ അഭിമാനത്തെ മുൻനിറുത്തിയിരുന്നു. നിരവധി കേസ്സുകളിൽ വളരെ നിർഭയനായി ഹാജരായിരുന്നു. അതുകൊണ്ടുതന്നെ രണ്ടുപ്രാവശ്യം ശത്രുക്കൾ അദ്ദേഹത്തെ ആക്രമിച്ചു. പക്ഷേ, അല്ലാഹു ആ സമയത്ത് അദ്ദേഹത്തെ രക്ഷിച്ചു. കഠിനാധ്വാനം ചെയ്തിരുന്നു. ജമാഅത്തിന്റെ പണത്തെ നല്ല പോലെ വിലമതിച്ചിരുന്നു. അല്ലാഹുവിൽ ഭരമേല്പിച്ചിരുന്നു. ലളിതജീവിതത്തിന്റെ ഉടമയായിരുന്നു.വലിയ ശ്രേഷ്ഠതയെന്തന്നാൽ അദ്ദേഹം നീണ്ടകാലം രോഗിയായിരുന്നുവെങ്കിലും വളരെ വളരെ ക്ഷമയോടുകൂടി അതു സഹിച്ചു. അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തനായിരുന്നു. മരിക്കുന്നതിന് ഒരു ദിവസം മുമ്പേ പറയുന്നു, അദ്ദേഹത്തിന്റെ ഡോക്ടർ പറഞ്ഞു, ഞാൻ ഇത്രമാത്രം സഹിക്കുന്ന ഒരു മനുഷ്യനെ എന്റെ ജീവിതത്തിലൊരിക്കലും കണ്ടിട്ടില്ല. ഒരിക്കലും പരാതിപ്പെട്ടില്ല. ഡോക്ടർ ഇനി ചികിത്സയില്ലെന്ന് പറഞ്ഞിരിക്കുന്നുവെന്ന് അദ്ദേഹത്തെ അറിയിച്ചപ്പോൾ ആ സമയത്ത് കുറച്ചു ബോധമുണ്ടായിരുന്നു, സംസാരിക്കുമായിരുന്നില്ല, കേൾക്കുമായിരുന്നു, അപ്പോൾ അങ്ങേയറ്റം സമാധാനത്തോടെ കേൾക്കുകയും സ്വീകരിക്കുകയും ചെയ്തു. മകൻ പറയുന്നു, തഹജ്ജുദ് നമസ്കരിക്കുന്നതിലും തസ്ബീഹ് ചെയ്യുന്നതിലും വലിയ ആവേശമായിരുന്നു. എപ്പോഴും ഖലീഫത്തുൽ മസീഹിനുവേണ്ടി ആദ്യം ദുആ ചെയ്യുമായിരുന്നു. ഞങ്ങളോടും ദുആ ചെയ്യാൻ ഉപദേശിക്കുമായിരുന്നു. കാര്യങ്ങളെല്ലാം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. ദീർഘവീക്ഷണമുള്ള ആളായിരുന്നു. എപ്പോഴും ശുക്ർ ചെയ്യുന്ന ശീലമുണ്ടായിരുന്നു. കഷ്ടപ്പാടിലും സുഖാവസരത്തിലും മന്ദസ്മിതത്തോടെ സഹനം കൈക്കൊണ്ടു. ശുദ്ധഹൃദയനായിരുന്നു. ഞങ്ങളുടെ നല്ല അധ്യാപകനുമായിരുന്നു. വാത്സല്യമുള്ള പിതാവും. എല്ലാ ആഗ്രഹങ്ങളും ഞങ്ങൾക്ക് പൂർത്തിയാക്കിത്തന്നിരുന്നു. നല്ല അഭിപ്രായങ്ങൾ നല്കുന്ന ആളുമായിരുന്നു. നല്ല ഉറച്ച വ്യക്തിയായിരുന്നു."

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ മക്കളും ജമാഅത്തിനോടു നല്ല ബന്ധമുള്ളവരാണ്. ഞാനുമായും വളരെ പഴയകാലത്തുള്ള ബന്ധമാണ്. ഏതെല്ലാം സവിശേഷ ഗുണങ്ങളാണോ അദ്ദേഹത്തിന്റെ മകൻ പറഞ്ഞത് മറ്റുള്ളവരും അതെഴുതിയിട്ടുണ്ട്, അദ്ദേഹത്തെ കുറിച്ച് ആരെല്ലാമാണോ എഴുതിയിട്ടുള്ളത് പക്ഷേ, ഞാനും കണ്ടിട്ടുണ്ട്, ഇദ്ദേഹം വാസ്തവത്തിൽ ആ എല്ലാ സവിശേഷഗുണങ്ങളുടേയും ഉടമയായിരുന്നു. അല്ലാഹു അദ്ദേഹത്തോടു പൊറുക്കലോടും കാരുണ്യത്തോടുംകൂടി വർത്തിക്കുമാറാകട്ടെ. (അൽഫദ്ൽ ഇന്റർനാഷണൽ ദിനപത്രം 2023 മാർച്ച് 31 പേജ് 2–7)

# നോമ്പിന്റെ ഉദ്ദേശ്യം മുത്തഖിയെസൃഷ്ടിക്കുക.

അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനി (റ) പറയുന്നു:

....."ദൈവകല്പനകൾ മനുഷ്യന്റെ നന്മയ്ക്കു വേണ്ടിയുള്ളതാണ്. അതായത് അതിന്റെ ഉദ്ദേശ്യം മനുഷ്യനിൽനിന്ന് കുറച്ചെന്തെങ്കിലും എടുക്കുക എന്നതല്ല. പ്രത്യുത കുറച്ചുകൊടുക്കുക എന്നതാണ്. ഈ വചനത്തിലും, നോമ്പ് നിർബന്ധമാക്കാനുള്ള കാരണം പറയപ്പെട്ടിരിക്കുന്നു. ലഅല്ലക്കും തത്തഖൂൻ മുത്തഖികളാകുക-ഭക്തിയുള്ളവരാകുക എന്നതാണത്. നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം നിങ്ങളെ മുത്തഖി ആക്കുക എന്നതാണ്." (ഖുത്ബാത്തെ മഹ്മൂദ് വാള്യം 7, പേജ്:269, ജുമുഅ ഖുത്ബ 12-05-1922)

അഹ്മദിയ്യാ ജമാഅത്തിന്റെ ഒന്നാമത്തെ ഖലീഫ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) നോമ്പുപിടിക്കുന്നതിന്റെ ഉദ്ദേശ്യം വിവരിച്ചുകൊണ്ടു പറയുന്നു:

...."നോമ്പുകളുടെ തത്ത്വമിതാണ്. അതായത് രണ്ടു കാര്യങ്ങളാണ് മനുഷ്യന് ഒരുപാട് ആവശ്യമായിട്ടുള്ളത്. ഒന്ന് ജീവിതം നിലനിറുത്തുന്നതിനുവേണ്ടി ഭക്ഷണം. രണ്ട് വംശത്തെ നിലനിറുത്തുന്നതിനു വേണ്ടി ഭാര്യ. നോക്കുക! മനുഷ്യൻ വീട്ടിൽ തനിച്ചിരിക്കുന്നു. നല്ല ദാഹം അനുഭവപ്പെടുന്നുണ്ട്. പാല് വീട്ടിലിരിപ്പുണ്ട്. ഐസുമുണ്ട്. ശർബത്തും തയ്യാറായിട്ടുണ്ട്. അതൊന്നും തടയാനും ആരുമില്ല. എങ്കിലും സത്യവാനായ നോമ്പുകാരൻ ആ വസ്തുക്കൾ എടുത്തുതിന്നാൻ ഒരിക്കലും ആഗ്രഹിക്കുകയില്ല. അതുപോലെ ഭാര്യയുടെ അടുത്തു പോകാനും ഒരു തടസ്സവുമില്ല. പക്ഷേ, എന്നാലും അവളുടെ അടുക്കൽ പോകുകയില്ല. ഇതെന്തുകൊണ്ടാണ്? നോമ്പുകാരനാണെന്ന ഒറ്റക്കാരണത്താലാണിത്. ആ രണ്ടുകാര്യങ്ങളിൽ നിന്നും തന്നെ തടഞ്ഞുവെക്കണമെന്നുള്ളത് അവന്റെ യജമാനനായ അല്ലാഹുവിന്റെ കല്പനയാണ്. ഈ പ്രയാസം നമ്മെ പഠിപ്പിക്കുന്നത്, എല്ലാവിധ സാധനസാമഗ്രികളുമുണ്ടെങ്കിലും ഏതൊന്നിൽനിന്ന് വിട്ടു നില്ക്കാൻ അല്ലാഹു പറഞ്ഞുവോ അതിൽനിന്ന് നമ്മൾ വിട്ടു നില്ക്കുക എന്നാണ്."

പറഞ്ഞു: "ഇനി നോക്കുക! ആവശ്യമായിട്ടുള്ള കാര്യങ്ങളെ ഒരു സമയംവരെ ഉപേക്ഷിച്ചു നിറുത്തുമ്പോൾ, ആവശ്യമില്ലാത്തത് പിന്നെങ്ങനെ ചെയ്യാനാണ്? നോമ്പിന്റെ ഉദ്ദേശ്യലക്ഷ്യവും ഇതു തന്നെയാണ്., അനാവശ്യമായ കാര്യങ്ങൾചെയ്ത് അല്ലാഹുവിനെ വെറുപ്പിക്കാതിരിക്കുക. അതുകൊണ്ടാണ് 'ല അല്ലക്കും തത്തഖൂൻ' എന്ന് പറഞ്ഞത്.' (ഹഖാഇഖുൽ ഫുർഖാൻ വാള്യം 1 പേജ് 301-302)

(ശേഷം പേജ് 10ൽ)

# ജർമനി അഹ്മദിയ്യ ജമാഅത്ത് 2022-ൽ സംഘടിപ്പിച്ച ജൽസാസാലനയിൽ സമാപന സമ്മേളനത്തിൽ ചെയ്ത അമീറുൽ മുഅ്മിനീന്റെ പ്രൗഢഗംഭീരമായ പ്രഭാഷണം

**(2022 ആഗസ്റ്റ് 21 ഞായറാഴ്ച ഐവാനെ മസ്‌റൂർ, ഇസ്‌ലാമാബാദ്, ടിൽഫോർഡ് യു.കെ)**

**വിവർത്തനം: മുഹമ്മദു ഇസ്‌മായീൽ ആലപ്പി**

**(വാല്യം 8 ലക്കം 14 പേജ് 10 കോളം 3-ൽനിന്ന് തുടർച്ച)**

കുറച്ചു ദിവസം മുമ്പേ ഞാൻ യു.കെ. ജൽസാസാലാനയിൽ ജമാഅത്തിന്റെ പുരോഗതിയുടെ റിപ്പോർട്ട് അവതരിപ്പിക്കുന്ന വേളയിൽ ജൽസാസാലാനയെ സംബന്ധിച്ചുള്ള ആളുകളുടെ പ്രതികരണങ്ങളും കേൾപ്പിക്കുകയുണ്ടായി. അതായത് എങ്ങനെയാണ് അഹ്മദിയ്യ ചുറ്റുപാടുകളും ജൽസാസാലാനയുടെ അന്തരീക്ഷവും ഇസ്‌ലാമിന്റെ സമാധാനത്തിന്റെ അധ്യാപനവും അവർ അറിഞ്ഞതെന്നും പറയുകയുണ്ടായി. എന്തായാലും നമ്മുടെ എതിരാളികൾ എന്തുവേണമെങ്കിലും ആഗ്രഹിച്ചുകൊള്ളട്ടെ ചിന്തിച്ചുകൊള്ളട്ടെ നമ്മുടെ ജോലി നബി(സ)തിരുമേനിയോടു നമുക്ക് സത്യസന്ധമായ സ്നേഹമുണ്ടെങ്കിൽ അവിടത്തെ അധ്യാപനം ജീവിതത്തിൽ പകർത്തുകയും ലോകത്ത് പരത്തുകയും ചെയ്യുക. ഇന്ന് ലോകത്ത് സമാധാനവും ശാന്തിയും സ്ഥാപിക്കാൻ ഈ ഒരു പരിഹാരമാണുള്ളതെന്ന് ലോകത്തോടു പറയുക. അതു കൊണ്ടുവരികയും ശാന്തിയുടേയും സമാധാനത്തിന്റേയും പാഠം നല്കുന്ന ഈ മഹത്തായ സ്വത്വവുമായി ചേർന്ന് ഇഹലോകത്തും പരലോകത്തും നിങ്ങളുടെ സമാധാനത്തിനുള്ള സാഹചര്യ മൊരുക്കുക. ഇതു കേവലം വാക്കുകളല്ല. പ്രത്യുത നമ്മൾ ചരിത്രത്തിൽ ദൃഷ്ടി പായിക്കുമ്പോൾ കാണുന്നത് എങ്ങനെയാണ് ആ നബി നിരക്ഷരരും അജ്ഞരുമായ അറബികളെ അജ്ഞതയുടെ കൂരിരുട്ടിൽനിന്ന് പുറുത്തുകൊണ്ടുവന്ന് അതിശ്രേഷ്ഠരായ സ്വഭാവക്കാരാക്കിയതെന്നും അറിവിന്റേയും കർമത്തിന്റേയും മിനാരങ്ങൾവരെ എത്തിച്ചതെന്നുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ആ റസൂൽ, അദ്ദേഹം മൃഗപ്രായരായവരെ മനുഷ്യരാക്കുകയും പിന്നെ മനുഷ്യരിൽനിന്ന് സൽഗുണസമ്പന്നരായ മനുഷ്യരാക്കുകയും അതായത് സത്യവും യഥാർഥവുമായ സൽഗുണങ്ങളുടെ കേന്ദ്രം നീതിയുടെമേൽ സ്ഥാപിക്കുകയും പിന്നീട് സൽഗുണസമ്പന്നരായ മനുഷ്യരെ ദൈവമനുഷ്യരാക്കാൻ ദൈവികമായ നിറത്താൽ നിറംപിടിപ്പിക്കുകയും ചെയ്തു."(മജ്മൂഅ ഇശ്തീഹാറാത്ത് വാല്യം 2 പേജ് 183, പ്രസാധനം: നളാറത്ത് നശ്ർ വ ഇശാഅത്ത് ഖാദിയാൻ 2019)

അതുകൊണ്ട് അവിടന്ന് തന്നെ വിശ്വസിക്കുന്നവരേയും തന്നെ സ്നേഹിക്കുന്നവരേയും സൽഗുണങ്ങളുടേയും ഇബാദത്തുകളുടേയും സൂത്രവാക്യം പഠിപ്പിച്ച് അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരാക്കി. അവരുടെ എല്ലാ വാക്കും പ്രവൃത്തിയും അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ആയിത്തീർന്നു. മനുഷ്യരോടുള്ള കടമളും നിറവേറ്റി. അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിന്. സത്യഹൃദയത്തോടെയുള്ള നബി(സ)തിരുമേനിയെ പിൻപറ്റൽ മനുഷ്യനെ ഏതു സ്ഥാനത്ത് കൊണ്ടെത്തിക്കുന്നുവെന്നാൽ അവിടെ അവൻ അല്ലാഹുവിനെ യഥാർഥമായി സ്നേഹിക്കുന്നവനായിത്തീരുന്നു. ഈ യഥാർഥമായ സ്നേഹം പിന്നീട് മനുഷ്യന്റെ എല്ലാ വാക്കും പ്രവൃത്തിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവനാക്കിത്തീർക്കുന്നു. നബി(സ)തിരുമേനിയെ സത്യഹൃദയത്തോടെ പിൻപറ്റുന്നവരെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'നബി(സ)തിരുമേനിയെ സത്യഹൃദയത്തോടെ പിൻപറ്റലും ആ മഹാത്മാവിനെ സ്നേഹിക്കലും മനുഷ്യനെ അവസാനം അല്ലാഹുവിന് പ്രിയപ്പെട്ടവനാക്കിത്തീർക്കുന്നു."(ഹഖീഖത്തുൽവഹി, റൂഹാനീ ഖസായിൻ വാല്യം 22, പേജ് 67)

ഈ വിപ്ലവമാണ് നബി(സ)തിരുമേനി ജനഹൃദയങ്ങളിലുണ്ടാക്കിയത്. അന്യാരാധകർ ഏകദൈവവിശ്വാസികളായി. അല്ലാഹുവിന് പ്രിയപ്പെട്ടവരായിത്തീർന്നു. അവർ അല്ലാഹുവിനെ സ്നേഹിക്കുന്നവരും അല്ലാഹു അവരെ സ്നേഹിക്കുന്നവരുമായിത്തീർന്നു. അല്ലാഹുവിനെ സ്നേഹിക്കുന്നവർ ആരാധനയോടുള്ള കടമയും നിറവേറ്റി. നല്ലവണ്ണം നിറവേറ്റി. അല്ലാഹു നല്കിയിട്ടുള്ള അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്യാൻ തുടങ്ങി. നല്ലവണ്ണം തുടങ്ങി. അതിന്റെ നിലവാരം സ്ഥാപിച്ചു.

ഏതെങ്കിലുമൊരാളോടു സ്നേഹം തോന്നുമ്പോൾ പിന്നീട് അവന്റെ എല്ലാ വാക്കുകളും കർമങ്ങളും അയാൾ പറഞ്ഞതനുസരിച്ചാക്കാൻ ശ്രമിക്കുന്നതായിരിക്കും. അയാൾ പറയുന്ന എല്ലാ കാര്യങ്ങളും കേൾക്കാനും വിശ്വസിക്കാനും ശ്രമിക്കുന്നു.

വെറും നാവുകൊണ്ടുള്ള സ്നേഹത്തിന്റെ വാദമാകുകയില്ല. അതിനാൽ അവരിൽ അല്ലാഹുവിനോടുള്ള സ്നേഹമുണ്ടായപ്പോൾ അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ നിറവേറ്റാനും ശ്രദ്ധ ഉണ്ടായി. മനുഷ്യരോടുള്ള കടമ നിറവേറ്റുന്നതിലും അഹമഹമികയാ മുന്നേറാൻ ശ്രമിക്കുന്നവരായിത്തീർന്നു. ഈ അവസ്ഥയുണ്ടായപ്പോൾ പിന്നീട് പരസ്പരമുള്ള സ്നേഹവും അനുരക്തിയും അല്ലാഹുവിനുവേണ്ടിയായിത്തീരുന്നു. മറ്റുള്ളവരോടുള്ള കടമയും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി മനുഷ്യൻ നിർവഹിക്കുന്നു. ഈ നിലവാരമുണ്ടാകുമ്പോൾ ശാന്തിയുടേയും സമാധാനത്തിന്റേയും അടിത്തറയും പതിയുന്നു. അതിനുവേണ്ടി പരിശ്രമമുണ്ടാകുന്നു. അതിന്റെ നിലവാരം സ്ഥാപിതമാകുന്നു.

അതുകൊണ്ട് നബി(സ)തിരുമേനിയുടെ സ്വത്വം എങ്ങനെയുള്ളതാണെന്നാൽ അദ്ദേഹം നമുക്ക് അല്ലാഹുവിനെ കണ്ടെത്തുന്നതിനുള്ള വഴി കാണിച്ചുതന്നു. ഈ ഒരു സ്വത്വമാണ്, ഇദ്ദേഹത്തിലിറങ്ങിയഅധ്യാപനമനുസരി ച്ച് നമുക്ക് ലോകത്ത് ശാന്തിയും സമാധാനവും ഉണ്ടാക്കാൻ കഴിയും.

സമാധാനത്തിന്റെ അടിത്തറ വീടുകളിൽനിന്നാണ് ആരംഭിക്കുന്നതെന്നത് എപ്പോഴും ഓർക്കേണ്ടതാണ്. പിന്നീട് മഹല്ല്, കസ്ബ, നഗരം, രാജ്യം, ആഗോളതലംവരെ അതിന്റെ വൃത്തം വളർന്നുപോകുന്നു. അങ്ങനെ എല്ലാ തലത്തിലും പരസ്പരമുള്ള വികാരാവേശങ്ങളുടേയും കടമകളുടേയും ശ്രദ്ധയുണ്ടാകുമ്പോൾ സമാധാനം സ്ഥാപിതമാകുന്നു. എല്ലാ വിഭാഗത്തിന്റേയും ഈ അധ്യാപനം അല്ലാഹു നബി(സ) തിരുമേനി മുഖേന നമുക്കു നല്കി. എല്ലാ വിഭാഗത്തിനും ഈ അധ്യാപനം അവിടന്ന് നല്കി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ വിഷയത്തിൽ വിവിധ അവസരങ്ങളിൽ സംസാരിച്ചിരുന്നു. പക്ഷേ, ഒരു അവസരത്തിൽ ഈ വിഷയം ഇങ്ങനെ വിവരിച്ചു:

**'നബി(സ)തിരുമേനിയും ലോകസമാധാനവും"**

അദ്ദേഹത്തിന്റെ ഈ വിഷയത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഫലമെടുത്തുകൊണ്ട് ഞാനും ഈ വിഷയത്തിൽ കുറച്ചു വവരിക്കുന്നതാണ്.

സമാധാനം വലിയ പ്രധാനപ്പെട്ട കാര്യമാണെന്ന് നമ്മൾ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നു. സമാധാനത്തെ കുറിച്ചുള്ള സംസാരങ്ങൾ നടക്കുന്നു. സമാധാനം വളരെ സുപ്രധാനമാണെന്ന് എല്ലാവരും പറയുന്നുണ്ട്. സമാധാനാവസ്ഥതന്നെയാണ് വീട്ടിലെ ശാന്തിയുടേയും സമാധാനത്തിന്റേയും ജാമ്യം. എല്ലാ തലത്തിലും സമാധാനമുണ്ടായെങ്കിലെന്ന് എല്ലാവരും ആഗ്രഹിക്കുന്നുമുണ്ട്. പക്ഷേ, വെറും ആഗ്രഹം സമാധാനമുണ്ടാക്കുകയില്ല. കാരണം സമാധാനത്തിന്റെ ആഗ്രഹം സ്വാർഥത എടുത്തിരിക്കുകയാണ്. ഇതാണ് നമ്മൾ ലോകത്ത് കാണുന്നത്. സ്വാർഥതയില്ലെങ്കിൽ യുദ്ധം ഉണ്ടാകാൻ സാധ്യത തന്നെയില്ല. പൊതുവെ ആരെങ്കിലും സമാധാനത്തെ കുറിച്ച് പറയുമ്പോൾ സമാധാനത്തിന്റെ ആഗ്രഹം തനിക്കുവേണ്ടിയാണുണ്ടാകുന്നത്. എന്നല്ല പൊതുവെ മനുഷ്യൻ ദുആ ചെയ്യുമ്പോൾ ദുആ വരുന്നില്ലെങ്കിൽത്തന്നെയും മനുഷ്യൻ ഇതുതന്നെയാണ് പറയുക, അതായത് ചിലപ്പോൾ ആഗ്രഹത്തിന്റെ പ്രകടനം നാവിലും വരാറുണ്ട് അതായത് അല്ലാഹു എന്നേയും എന്റെ ഭാര്യാമക്കളേയും എന്റെ അടുത്തവരേയും സമാധാനത്തിൽ വെക്കുമാറാകട്ടെ. മറ്റുള്ളവർ സമാധാനത്തിലിരിക്കുന്നതിന് ഈ വേദന ഉണ്ടാകുകയില്ല. അല്ലെങ്കിൽ മനുഷ്യൻ തന്റെ ജീവിതം സമാധാനത്തോടെ കഴിഞ്ഞുപോകുന്നതിന് പണം ആഗ്രഹിക്കുന്നു. അത് നല്ലതായി മനസ്സിലാക്കുന്നു. അതിനെ നല്ലതെന്ന് മനസ്സിലാക്കുമ്പോൾ അതിന്റെ അർഥം ശത്രുവിനും ആ സമ്പത്ത് നല്ലതെന്ന് മനസ്സിലാക്കുന്നു എന്നല്ല. പ്രത്യുത തനിക്കുവേണ്ടിമാത്രം ആ സമ്പത്ത് നല്ലെതെന്ന് കരുതുകയാണ്. ആരോഗ്യത്തെ നല്ലതെന്ന് മനസ്സിലാക്കുന്നുവെങ്കിൽ അതിന്റെ അർഥം ശത്രുവിനും നല്ല ആരോഗ്യം ഉണ്ടാകണമെന്ന് മനമസ്സിലാക്കുന്നു എന്നല്ല. ശത്രുവിനുവേണ്ടി ആഗ്രഹിക്കുന്നത് അവൻ ക്ഷീണിതനാകണമെന്നും ബലഹീനനാകണമെന്നും അവന്റെമേൽ തന്റെ ശക്തി നില്കണമെന്നുമായിരിക്കും. ഇതുപോലെ തന്നെ ആദരവും ബഹുമാനവും ആളുകൾ ആഗ്രഹിക്കുകയാണെങ്കിൽ തങ്ങൾക്കുവേണ്ടിയായിരിക്കും. എല്ലാവർക്കുംവേണ്ടി ആഗ്രഹിക്കുകയില്ല. മറ്റുള്ളവർക്കും തനിക്കുകിട്ടുന്നതുപോലെ ആദരവും ബഹുമാനവും കിട്ടണമെന്ന് ഒരിക്കലും ആഗ്രഹിക്കുകയില്ല. ലോകത്ത് ഈ ദൃശ്യങ്ങളാണ് നമുക്ക് കാണാൻ കഴിയുന്നത്. സാധാരണക്കാരിലും നേതാക്കന്മാരിലും! രാഷ്

ട്രീയക്കാർ തമ്മിൽ പരസ്പരം ഉണ്ടാകുന്ന കലഹങ്ങളും അധികാരത്തിൽ വന്നുകഴിഞ്ഞാൽ പരസ്പരം അക്രമം കാണിക്കുന്നതും നമ്മുടെ നാട്ടിൽ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. പരസ്പരം അവർ ചെയ്തുകൊണ്ടിരിക്കുന്നത് ഇതേ ചിന്തയുടെ ഫലമാണ്. വെറും സമാധനം ആഗ്രഹിക്കുകയാണെങ്കിൽ അത് കലഹത്തിന്റെ മാർഗമാകുമോ? കാരണം അതിൽ സ്വാർഥതയുണ്ട്. എന്തുകൊണ്ടെന്നാൽ ആരാണോ സമാധാനം ആഗ്രഹിക്കുന്നത്, അയാൾക്കും അയാളുടെ ബന്ധുക്കൾക്കും അല്ലെങ്കിൽ അയാളുടെ ജനതയ്ക്കും സമാധാനം കരസ്ഥമാകണമെന്നു മാത്രമായിരിക്കും. ഇല്ലെങ്കിൽ മറ്റുള്ളവർക്കും ശത്രുക്കൾക്കുംവേണ്ടി അയാൾ ആഗ്രഹിക്കുന്നത് അവരുടെ സമാധാനം ഇല്ലാതാക്കണമെന്നായിരിക്കും. അതിനാൽ ഈ നിയമം നടപ്പിൽ വരുത്തുകയാണെങ്കിൽ തങ്ങൾക്കുവേണ്ടി ഒരു നിലവാരവും മറ്റുള്ളവർക്കുവേണ്ടി മറ്റൊരു നിലവാരവും ആഗ്രഹിക്കുകയാണെങ്കിൽ ലോകത്ത് എന്തൊരു സമാധാനം സ്ഥാപിതമാകുകയാണെങ്കിലും അത് കുറച്ചുപേരുടെ സമാധാനമായിരിക്കും. മുഴുലോകത്തിന്റേയും സമാധാനമാകുകയില്ല. മുഴുലോകത്തിന്റേയും സമാധാനം ആകുന്നില്ലെങ്കിൽ അത് യഥാർഥ സമാധാനം എന്ന് പറയാൻ പറ്റുകയില്ല. യഥാർഥ സമാധാനമുണ്ടാകുന്നത് വ്യക്തി, കുടുംബം, വംശം ദേശീയും എന്നിവയ്ക്കതീതമായി സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുമ്പോഴാണ്. ഒരു കേന്ദ്ര അച്ചുതണ്ട് കരസ്ഥമാകുന്നതിനുവേണ്ടി ശ്രമിക്കുമ്പോഴാണ്. ഇതു സാധ്യമാകുന്നത് മനുഷ്യൻ തനിക്കുമീതെ ഒരു ഉന്നത അസ്തിത്വമുണ്ടെന്നും അവൻ തനിക്കുവേണ്ടിയോ തന്റെ വീട്ടുകാർക്കുവേണ്ടിയോ രാജ്യത്തിനുവേണ്ടിയോ മാത്രമല്ല സമാധാനം ആഗ്രഹിക്കുന്നതെന്നും പ്രത്യുത മുഴുരാജ്യത്തിനുംവേണ്ടി സമാധാനം ആഗ്രഹിക്കുന്നുവെന്നുമുള്ള ഉള്ളറിവും ഗ്രാഹ്യവും ഉണ്ടാക്കുമ്പോഴാണ്. അതിനാൽ നബി(സ)തിരുമേനിയുടെ സമാധാനാധ്യാപനത്തിന്റെ അച്ചുതണ്ടിന്റെ പോയന്റെന്ന് പറയുന്നത് ഉന്നതമായ അസ്തിത്വം തന്നെ നോക്കിക്കൊണ്ടിരിക്കുന്നുവെന്നും അവനുവേണ്ടി താൻ തന്റെ വാക്കും പ്രവർത്തിയും ഒന്നാക്കണമെന്നുമുള്ള ബോധം വരുത്തലാണ്. എപ്പോഴും ഈ അധ്യാപനത്തിലൂടെ നടക്കുന്നതിന് നബി(സ)തിരുമേനി പറഞ്ഞുതന്നിട്ടുള്ള ഈ മനോഹരമായ നിയമത്തെ മുന്നിൽ വെക്കേണ്ടിവരും. തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെടുക.

അതുകൊണ്ട് ഈ നിയമത്തെ മുന്നിൽ വെച്ചുകൊണ്ട്, ഞാൻ വെറും എനിക്കുവേണ്ടിയും എന്റെ ജനതയ്ക്കു വേണ്ടിയും അല്ലെങ്കിൽ കേവലം എന്റെ നാട്ടിനു വേണ്ടിയും സമാധാനം ആഗ്രഹിക്കുകയാണെങ്കിൽ ആ രീതിയിൽ എനിക്ക് അല്ലാഹുവിന്റെ സഹായമോ അവന്റെ പിന്തുണയോ അവന്റെ സന്തോഷമോ ഒരിക്കലും ലഭിക്കുകയില്ല.

ഈ വിശ്വാസത്തിൽ മനുഷ്യൻ നിലകൊള്ളുമ്പോൾ അതായത് അല്ലാഹുവിനുവേണ്ടി എല്ലാ ചെയ്യണമെന്ന വിശ്വാസത്തിൽ നിലകൊള്ളുമ്പോൾ അപ്പോഴായിരിക്കും യഥാർഥ സമാധാനം സ്ഥാപിതമാകുന്നത്. ഇല്ലെങ്കിൽ ഇല്ല.

അല്ലാഹു നബി(സ)തിരുമേനി മുഖേന നമുക്ക് **അൽമലിക്കുൽഖുദ്ദൂസുസ്സലാമുൽമുഅ്മിനുൽ**(ഹശ്ർ: 24) അവൻ മഹാരാജാവാകുന്നു. പരിശുദ്ധനാകുന്നു. മറ്റുള്ളവരെ പരിശുദ്ധരാക്കുന്നു. എല്ലാ ന്യൂനതകളിൽനിന്നും അവൻ സുരക്ഷിതനാണ്. മറ്റുള്ളവരെ സുരക്ഷിതനാക്കി വെക്കുകയും ചെയ്യുന്നു. എല്ലാവർക്കും സമാധാനം നല്കുന്നവനാണ്. ഇതു പറഞ്ഞുകൊണ്ട് പറഞ്ഞു: *അൽമലിക്കുൽഖുദ്ദൂസുസ്സലാമുൽമുഅ്മിൻ*(ഹശ്ർ: 24) മാനുഷികമായ തീരുമാനങ്ങളെ പരിശുദ്ധവും വെടിപ്പുള്ളതുമാക്കി. തീരുമാനം ശരിയാകാത്തിടത്തോളം ജോലിയും ശരിയാകുകയില്ലെന്നത് ദൃഢപരമായ കാര്യമാണ്. ഉദ്ദേശ്യംതന്നെ നല്ലതല്ലെങ്കിൽ പ്രവൃത്തിയിൽ എങ്ങനെ ബർക്കത്തുണ്ടാകാനാണ്? ഉദ്ദേശ്യം ശരിയാകാത്തിടത്തോളം ഒരിക്കലും പ്രവൃത്തി ശരിയാകുകയില്ലെന്ന കാര്യം ഓർമവെക്കേണ്ടതാണ്. ഒരിക്കലും ശരിയാവുകയില്ല.

ലോകത്ത് ഇപ്പോൾ എത്രമാത്രം യുദ്ധങ്ങളും കുഴപ്പങ്ങളും ഉണ്ടാകുന്നുവോ അതെല്ലാം മനുഷ്യന്റെ ഉദ്ദേശ്യം ശരിയല്ലാത്തതുകൊണ്ടാണുണ്ടാകുന്നത്.

ആളുകൾ വായകൊണ്ട് എന്തൊരു കാര്യങ്ങളാണോ പറയുന്നത് അതനുസരിച്ച് അവരുടെ ആഗ്രഹങ്ങളില്ല. അവരുടെ ആഗ്രഹങ്ങളനുസരിച്ച് അവരുടെ വാക്കും പ്രവൃത്തിയുമില്ല. ലോകത്തിന്റെ ഈ കുഴപ്പത്തിൽ വലുതും വികസിത രാഷ്ട്രങ്ങൾ എന്നു പറയുന്നതുമായ ജനങ്ങൾക്ക് കൂടുതൽ പങ്കുണ്ട്. ഇന്ന് യുദ്ധങ്ങളെ ലോകം ചീത്തയെന്നു പറയുന്നുവെന്നതിൽ സംശയമില്ല. യുദ്ധം മോശംതന്നെയാണെന്നാണ് എല്ലാ നേതാക്കന്മാരുടേയും വിവരണം. പക്ഷേ അതിന്റെ ഉദ്ദേശ്യം ഇത്രമാത്രമാണ്, തങ്ങൾക്കെതരെ ആരെങ്കിലും യുദ്ധം ചെയ്താൽ അപ്പോൾ അത് ചീത്തക്കാര്യമാണ്. പക്ഷേ, അവരിൽനിന്നാണ് യുദ്ധം തുടങ്ങിയതെങ്കിൽ അപ്പോൾ അത് മോശമായ കാര്യമല്ല. ഈ പോരായ്മ ഇക്കാരണത്താലാണ്, അതായത് അവരുടെ ദൃഷ്ടി സലാം (സമാധാനം) എന്ന അസ്തിത്വത്തിൽ ഇല്ലെന്നതാണ്. സമാധനം നല്കുന്ന അസ്തിത്വത്തിലില്ല. തങ്ങൾക്ക് നേട്ടം ഉണ്ടാകുന്നതുവരെ തങ്ങൾ സമാധാനത്തിന്റെ മുദ്രാവാക്യം മുഴക്കിക്കൊണ്ടിരിക്കും. എന്നാൽ തങ്ങളുടെ നേട്ടത്തിന് വിരുദ്ധമായി കാര്യം വന്നാൽ ഞങ്ങൾ നിഷേധിക്കുന്നതാണ്. ഞങ്ങളുടെ ശത്രുക്കളെ ആരും സഹായിക്കാൻ പാടില്ല. ആയുധങ്ങളും അവർക്ക് നല്കാൻ പാടില്ല. ഇത് ഒരു വിധത്തിലും സ്വീകാരാർഹമല്ല. എന്നാൽ, തങ്ങൾ ആർക്കെങ്കിലും ആയുധം നല്കിയാൽ, അത് ദ്രോഹിക്കാൻ വേണ്ടി ഉപയോഗിക്കുകയാണെങ്കിലും അനുവദനീയമാണ്. ഇതാണ് വിചാരമെങ്കിൽ എങ്ങനെ സമാധാനം സ്ഥാപിക്കാനാണ്?

---

(പേജ് 8ൽനിന്ന്)

അഹ്മദിയ്യാ ജമാഅത്തിന്റെ നാലാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) പറയുന്നു:

....."ഒന്നാമതായി അല്ലാഹു സത്യവിശ്വാസികളോടു പറഞ്ഞത്, നിങ്ങളിൽ നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു എന്നാണ്. നിങ്ങൾക്ക് മുമ്പേയുള്ളവർക്കും നിർബന്ധമാക്കപ്പെട്ടിരുന്നു. ല അല്ലക്കും തത്തഖൂൻ നിങ്ങൾ ഭക്തിമാർഗം കൈക്കൊള്ളുന്നതിനുവേണ്ടി....... കാരണം നോമ്പുകളുടെ ഫലം തഖ്വാ അഥവാ ഭക്തിയാണ്. ദൈവഭക്തിയുടെ അധ്യാപനം ഏറ്റവും കൂടുതൽ നല്കിയിട്ടുള്ളത് ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)യാണ്. അതുകൊണ്ട് മുമ്പേയുള്ളവരേക്കാൾ കൂടുതൽ ജ്യോതിർവിലാസത്തോടുകൂടി നിങ്ങളിൽ നോമ്പ് നിർബന്ധമാക്കപ്പെടണമായിരുന്നു." (ഖുത്ബ്ബാത്തെ ത്വാഹിർ വാള്യം 2, പേജ് 316, ജുമുഅ ഖുത്ബ്ബ 10-06-1983)

ലഅല്ലക്കും തത്തഖൂൻ എന്നതിന്റെ മറ്റൊരു അർഥം വിശദീകരിച്ചു കൊണ്ടു പറയുന്നു: "നിങ്ങൾ തഖ്വയുടെ-ഭക്തിയുടെ അതിസൂക്ഷ്മമായ വഴികൾ കൈക്കൊള്ളുന്നതിനും തഖ്വയുടെ ഉത്കൃഷ്ട വിഷയം മനസ്സിലാക്കുന്നതിനും വേണ്ടി." (ഖുത്ബ്ബാത്തെ ത്വാഹിർ വാള്യം 5, പേജ് 386, ജുമുഅ ഖുത്ബ്ബ 30-05-1986)

അഹ്മദിയ്യാ ജമാഅത്തിന്റെ ഇപ്പോഴത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് നോമ്പുകളുടെ ഉദ്ദേശ്യം വിവരിച്ചുകൊണ്ടു പറയുന്നു.

....."അല്ലാഹു പറയുന്നു: ഈ നോമ്പുകൾ നിർബന്ധമാക്കിയതും ചില കാര്യങ്ങൾ വിലക്കിയതും നിങ്ങൾ തഖ്വ അഥവാ ഭക്തിയിൽ അഭിവൃദ്ധിപ്പെടാനാണ്. എന്താണ് തഖ്വ? പാപങ്ങളിൽനിന്ന് രക്ഷപ്പെടുക, പാപങ്ങളിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുക. പരിചയുടെ പിന്നിൽ മറഞ്ഞിരുന്നുകൊണ്ട് സ്വയം സംരക്ഷിക്കുന്നതുപോലെ സംരക്ഷിക്കുക. മനുഷ്യൻ ഏതെങ്കിലും വസ്തുവിന്റെ പിന്നിൽ മറഞ്ഞിരുന്നുകൊണ്ട് തന്നെ സംരക്ഷിക്കാൻ ശ്രമിക്കുമ്പോൾ, അതിൽ ഒരു ഭയവുമുണ്ടാകും. ഏതു ആക്രമണത്തിൽനിന്നാണോ രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്, അതിനോടുള്ള ഭയം കാരണത്താലാണ് അവൻ പിന്നിൽ ഒളിഞ്ഞിരിക്കുന്നത്. പറഞ്ഞു: നോമ്പ് പിടിക്കുക. നോമ്പു പിടിക്കുന്നതിനുള്ള കടമകൾ നിറവേറ്റിക്കൊണ്ടു പിടിക്കുക. എന്നാൽ, തഖ്വയിൽ-ഭക്തിയിൽ അഭിവൃദ്ധിപ്പെടുന്നതാണ്. ഇല്ലെങ്കിൽ ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, നിങ്ങളെ വിശന്നവരായിവെക്കാൻ അല്ലാഹുവിന് ഒരു താൽപര്യവു മില്ല. ഒരു ആവശ്യമവുമില്ല. നിങ്ങൾ ചെയ്തിട്ടുള്ള തെറ്റുകളുടേയും പാപങ്ങളുടേയും ദുഷ്ഫലങ്ങളിൽനിന്ന് രക്ഷപ്പെടാൻ ഞാൻ നിങ്ങൾക്കുവേണ്ടി ഒരു വഴി ഉണ്ടാക്കിയിരിക്കുന്നുവെന്ന് അല്ലാഹു പറയുന്നു, നിങ്ങൾ തനതുരൂപത്തിൽ വീണ്ടും എന്നിലേക്കു വരാൻ! ഈ നോമ്പുകളിൽ, റമളാനിൽ നോമ്പു പിടിക്കാനുള്ള കടമകൾ നിറവേറ്റിക്കൊണ്ട് എനിക്കുവേണ്ടി നിങ്ങൾ അനുവദനീയമായ കാര്യങ്ങളിൽനിന്ന് പഥ്യം ആചരിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ഈ ശ്രമം കാരണത്താൽ ഞാനും നിങ്ങളിൽ കരുണാദൃഷ്ടി പതിപ്പിക്കുകയാണ്. ശയ്ത്വാനെ ചങ്ങലയിൽ പൂട്ടുകയും ചെയ്യുന്നു. ഏതൊരു ഭയം കാരണത്താൽ നോമ്പു പിടിക്കുകയും നോമ്പുപിടിച്ചുകൊണ്ട് ഈ പരിചയുടെ പിന്നിൽ വരികയും തഖ്വ-ഭക്തി കൈക്കൊള്ളുകയും ചെയ്യുന്നുവോ അതിന്റെ ഫലമായി ഇതിൽ നിങ്ങൾ സുരക്ഷിതരായിരിക്കുകയും ശയ്ത്വാൻ നിങ്ങൾക്ക് ഒരു നഷ്ടവും ഉണ്ടാക്കാതിരിക്കുകയും ചെയ്യുന്നതിനുവേണ്ടി! പറഞ്ഞു: ഈ തഖ്വ ഉണ്ടല്ലോ, ഈ പരിചയുണ്ടല്ലോ, ശയ്ത്വാനിന്റെ ആക്രമണങ്ങളിൽനിന്നും പാപങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള ഈ ശ്രമമുണ്ടല്ലോ ഇത് നിങ്ങൾ നോമ്പുപിടിക്കുന്ന കാരണത്താൽ നിങ്ങളെ സംരക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഒരു ജിഹാദു ചെയ്ത് നിങ്ങൾ സുരക്ഷിതമായ കോട്ടയിൽ എത്തിപ്പെട്ടിരിക്കുകയാണ്.

ഇനി ഇതിൽ പാർക്കുന്നതിനുവേണ്ടി ശ്രമിക്കേണ്ടതുണ്ട്. ഇനി ഈ കോട്ടയെ, ഈ തഖ്വയെ അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് പ്രബലമാക്കേണ്ടതാണ്. നന്മയിൽ ആദ്യമെതന്നെ നിലനിന്നിട്ടുള്ളവർ, നോമ്പുകാരണത്താൽ തഖ്വയുടെ വേറേയും ഉന്നതമായ നിലവാരം കരസ്ഥമാക്കിക്കൊണ്ടു പോകുന്നതാണ്. അഭിവൃദ്ധിപ്പെട്ട്, അഭിവൃദ്ധിപ്പെട്ട് അല്ലാഹുവിനോടു അങ്ങേയറ്റം അടുത്തവനായിക്കൊണ്ടുപോകുന്നു.

കുറച്ചു നേരത്തേക്ക് തീറ്റയും കുടിയും ഉപേക്ഷിച്ചാൽ തഖ്വയുടെ ഉന്നത നിലവാരം സ്ഥാപിതമായിക്കൊള്ളും എന്നതല്ല നോമ്പെന്ന കാര്യം ഒർക്കുക. ഞാൻ പറഞ്ഞതുപോലെ, നോമ്പുകൾ പിടിക്കുന്നതോടൊപ്പം ഒരുപാട് തിന്മകളും ഉപേക്ഷിക്കേണ്ടിവരും. അല്ലാഹുവിനെ മുമ്പത്തേതിനേക്കാൾ കൂടുതൽ ആരാധിക്കേണ്ടിവരും. അപ്പോഴായിരിക്കും തഖ്വ കരസ്ഥമാകുന്നത്. അതിൽ അഭിവൃദ്ധിയും ഉണ്ടാകുന്നത്." (അൽഫള്ൽ ഇന്റർനാഷണൽ 29-10-2004. ഖുത്ബ്ബ ജുമുഅ 15-10-2004)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**2015 ജൂൺ 6 ശനിയാഴ്ച**

**ജൽസാ സാലാന ജർമനി 2015**

**ലജ്നാ സെഷൻ**

**അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം**

തശഹ്ഹുദ്, തഅവ്വുദ്, സൂറാ ഫാത്തിഹ തിലാവത്തിനു ശേഷം അമീറുൽ മുഅ്മിനീൻ സദസ്സിനെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: വിശ്വാസി-വിശ്വാസിനികളാണെന്ന് വാദിക്കുന്ന നിങ്ങൾ ഉന്നതനായ അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുക എന്നാണ് തുടക്കത്തിൽ പാരായണം ചെയ്ത ആദ്യ ആയത്തിൽ പറഞ്ഞിട്ടുള്ളത്.

**യാ അയ്യുഹല്ലദീന ആമനൂ അതീഉല്ലാഹ വ റസൂലഹു വലാ തവല്ലൗ അൻഹു വ അൻതും തസ്മഊൻ** (അൽഅൻഫാൽ:21)

സത്യവിശ്വാസികളേ! അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുക. (അദ്ദേഹത്തിന്റെ ആജ്ഞ) നിങ്ങൾ കേട്ടുകൊണ്ടിരിക്കെ അദ്ദേഹത്തിൽനിന്ന് നിങ്ങൾ പിന്തിരിഞ്ഞ് പോകരുത്. നിങ്ങളിലേക്ക് ഈ കൽപനകൾ എത്തിക്കപ്പെടുന്നു. അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും കാര്യങ്ങൾ നിങ്ങളിലേക്ക് എത്തിക്കപ്പെടുന്നു. അനുസരണത്തിന്റെ പാഠവും കൽപനയും നിങ്ങൾക്കെന്തിനാണ് നല്കപ്പെടുന്നത്. സ്വന്തം അവസ്ഥകൾ നന്നാക്കാൻ സാധിക്കുകയും അതുമൂലം ഐക്യം ഉണ്ടാവുകയും വ്യക്തിഗതമായും സാമൂഹികമായും പുരോഗതിയും വിജയവും നിങ്ങൾക്ക് പ്രാപ്തമാകുകയും ചെയ്യും.

തന്റെ കൽപനകളെ വിശുദ്ധ ഖുർആനിൽ അവതരിപ്പിച്ചുകൊണ്ട് ഇന്നുവരെ അതിനെ സുരക്ഷിതമാക്കി വെച്ചിരിക്കുന്നു എന്നത് അല്ലാഹു നമ്മുടെമേൽചെയ്ത ഔദാര്യമാണ്. ഈ കൽപനകൾ എല്ലാ കാലത്തേക്കും വേണ്ടിയുള്ളതാണെന്നും അവൻ വ്യക്തമാക്കി. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് വാഗ്ദത്ത മസീഹിനെ നിയോഗിച്ചുകൊണ്ട് നമുക്കുവേണ്ടി പ്രസ്തുത കൽപനകളെ തുറന്നു വ്യക്തമാക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കിത്തന്നു. തുടർന്ന് അഹ്മദിയ്യാഖിലാഫത്തുമായി ചേർത്തു വെച്ചുകൊണ്ട് അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും കൽപനകൾക്കനുസരിച്ച് പ്രവർത്തിക്കാൻ നമ്മെ പ്രാപ്തരാക്കിയതിനോടൊപ്പം അവനോടുള്ള അനുസരണത്തിലേക്ക് ശ്രദ്ധ ക്ഷണിക്കാനുള്ള സൗകര്യങ്ങളും സൃഷ്ടിച്ചു. ഒപ്പം പ്രസ്തുത അനുസരണം കാരണത്താൽ ഖിലാഫത്തിന്റെ അനുഗ്രഹത്തിൽനിന്ന് എല്ലാ കാലത്തും പങ്കു പറ്റാനുള്ള അനുഗ്രഹവും അവൻ നല്കി. ഇതുമുഖേന നിങ്ങളുടെ ഐക്യവും ശക്തിയും നിലനിൽക്കുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നേടുന്നവരാകുകയും ചെയ്യും.

ജമാഅത്തിലെ അംഗമാണെന്നും ഇതിൽ പെട്ട വ്യക്തിയാണെന്നും അഹ്മദിയ്യാ ഖിലാഫത്തിനെ അംഗീകരിക്കുന്നുവെന്നും വാഗ്ദത്ത മസീഹിനെ കുറിച്ച് അദ്ദേഹം വാഗ്ദാനം ചെയ്യപ്പെട്ട വ്യക്തിയാണെന്നും വാദിക്കുന്ന ഓരോരുത്തരും അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും കൽപനകളുടെ പൂർണ്ണ കലപ്പ തന്റെ പിരടിയിൽ വെക്കേണ്ടിവരും. സമ്പൂർണ അനുസരണത്തിനു വേണ്ടി തന്നെ സമർപിക്കേണ്ടിയും വരും.

അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും കൽപനകളിൽനിന്ന് മനഃപ്പൂർവ്വം പുറത്തു കടക്കുന്ന ഓരോ അഹ്മദിയും അഹ്മദിയല്ല തന്നെ. ചില തെറ്റുകൾ സംഭവിക്കാറുണ്ട്, അബദ്ധങ്ങൾ ഉണ്ടാകാറുണ്ട്, ദൗർബല്യങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ, ആരെങ്കിലും മനഃപ്പൂർവ്വം ഈ കൽപനകളിൽനിന്നും പുറത്തു വന്നാൽ അതിന്റെ അർഥം അയാൾ അല്ലാഹു സ്ഥാപിച്ച വ്യവസ്ഥിതിയിൽനിന്നു പുറത്തു കടക്കാൻ ശ്രമിക്കുന്നു എന്നാണ്. അതുകൊണ്ട് തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വയം നിർദേശിച്ച ബയ്അത്തിന്റെ നിബന്ധനകളിൽ ഇതും വെച്ചിരിക്കുന്നത്:

''എല്ലാ തരത്തിലുള്ള ദുരാചാരങ്ങളിൽനിന്നും ദുരാഗ്രഹങ്ങളിൽനിന്നും സ്വയം ഒഴിഞ്ഞുമാറുകയും വിശുദ്ധ ഖുർആനിന്റെ ഭരണത്തിന് പൂർണമായ നിലയിൽ വിധേയനായിരിക്കുകയും ചെയ്യുന്നതും 'ഖാലല്ലാഹു'(ദൈവപ്രോക്തം)വും ഖാലർറസൂൽ(നബിപ്രോക്തം)ലും എല്ലാ ചലനങ്ങളിലും കർമധർമങ്ങളായി സ്വീകരിക്കുന്നതുമാകുന്നു.''

അതായത്, ഒരു അഹ്മദി അനാചാരങ്ങളുടെ പിന്നാലെ പോകുകയില്ല, ദേഹേച്ഛകളുടേയും ഭൗതികതയോടുള്ള അത്യാർത്തിയുടേയും ഇച്ഛയുടേയും ഫാഷന്റേയും പിന്നാലെ പോകുകയില്ല. മോശമായ കാര്യങ്ങളുടെ പിന്നാലെ പോവുകയില്ല. വിശുദ്ധ ഖുർആനിന്റെ കൽപനകൾക്കനുസരിച്ച് പൂർണമായും പ്രവർത്തിക്കാൻ ശ്രമിക്കുന്നതായിരിക്കും. അല്ലാഹുവും അവന്റെ ദൂതനും പറഞ്ഞ കാര്യങ്ങളെ അടിസ്ഥാനമാക്കി സ്വന്തം ജീവിതം നയിക്കാൻ ശ്രമിക്കുന്നതായിരിക്കും.

നിബന്ധനകളിൽപെട്ട ഓരോന്നുമനുസരിച്ചാണ് ബയ്അത്ത് ചെയ്തതെന്നാണ് ഓരോ അഹ്മദിയും വാദിക്കുന്നത്. പുരുഷനായാലും സ്ത്രീയായാലും ഇത് അവരിരുവർക്കും വേണ്ടിയുമാണ്. സ്വന്തം ദുരാചാരങ്ങളുടെ പിന്നാലെ പോകുന്നവരും സമൂഹത്തെ മോശമായ രീതിയിൽ ഇതിലേക്ക് ആകർഷിക്കുന്നവരും ബയ്അത്തിന്റെ കടമ പൂർത്തിയാക്കുന്നവരല്ല. ഭൗതികതയോടുള്ള ചായ്‌വും സമൂഹത്തിലെ സ്വാധീനവും ഒരാളെ ദീനീ കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിൽനിന്ന് തടയുന്നുണ്ടെങ്കിൽ ഈ ദൗർബല്യം അയാളെ ബയ്അത്തിന്റെ കടമ പൂർത്തിയാക്കുന്നതിൽനിന്നു ദൂരത്താക്കുന്നു. വിശുദ്ധ ഖുർആനിന്റെ കൽപനകളെ ആരെങ്കിലും പ്രവർത്തിക്കാൻ കൊള്ളാത്തതാണെന്ന് പറഞ്ഞാൽ അയാൾ ബയ്അത്തിന്റെ കടമകൾ പൂർത്തിയാക്കുന്നില്ലെന്നു മാത്രമല്ല, അയാൾ മുസ്ലിമായും ഗണിക്കപ്പെടുകയില്ല. അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കാത്തവർ അഹ്മദിയാണെന്ന വാദം ഉന്നയിക്കുന്നുണ്ടെങ്കിൽ അതു കളവാണ്. അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും ഓരോ കൽപനയും വാക്കുമനുസരിച്ച് പ്രവർത്തിക്കലാണ് അഹ്മദിയ്യത്ത്. ഞാൻ പറഞ്ഞതുപോലെ കഴിവിന്നനുസരിച്ചുള്ള ശ്രമത്തിന്റേയും പൂർണ അനുസരണത്തിന്റേയും പേരാണത്!

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് ഖിലാഫത്ത് വ്യവസ്ഥിതിയിൽ നമ്മെ ബന്ധിപ്പിച്ചത് അല്ലാഹു നമുക്കു മേൽ ചെയ്ത ഔദാര്യമാണ്. അതുമുഖേന ജമാഅത്തംഗങ്ങളിലെ സ്ത്രീപുരുഷന്മാരെ, യുവാക്കളേയും പ്രായമായവരേയും നിരന്തരം അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ജമാഅത്ത് വ്യവസ്ഥിതിയും ഇതിനുവേണ്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ജമാഅത്ത് വ്യവസ്ഥിതിയിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഭാരവാഹികൾ ഈ പ്രവർത്തി ചെയ്യേണ്ടതാണ്. സൂക്ഷ്മതയോടെ ഈ പ്രവർത്തി ചെയ്യേണ്ടതാണ്. അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും കൽപനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന കാര്യങ്ങളിലേക്ക് നമ്മിൽനിന്ന് ആരുടേയും ശ്രദ്ധ തിരിയാതിരുന്നാൽ സ്ത്രീയായാലും പുരുഷനായാലും അവർ സ്വന്തം വിശ്വാസത്തെ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. അവർ ജമാഅത്തിന്റെ സാമൂഹിക ശക്തിക്ക് ക്ഷതം വരുത്തുന്നു. ലോകർക്കു മുമ്പിൽ സ്വന്തം പ്രവർത്തിക്കും അധ്യാപനത്തിനുമിടയിൽ വന്നിട്ടുള്ള വൈരുദ്ധ്യം കാരണത്താലും അഭിപ്രായവ്യത്യാസം കാരണത്താലും മറ്റുള്ളവരുടെ മുമ്പിലും ഇസ്ലാമിന്റെ തെറ്റായ ചിത്രമാണ് അവർ സമർപ്പിക്കുന്നത്.

നമ്മൾ ഏതു പരിധിവരെ അതീഉല്ലാഹ വ അതീഉർറസൂല(അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുക)എന്ന കൽപനയനുസരിച്ച് പ്രവർത്തിക്കുന്നുവെന്ന വിലയിരുത്തൽ ഓരോ അഹ്മദീ സ്ത്രീയുടേയും പുരുഷന്റേയും ഉത്തരവാദിത്വമാണ്. സമൂഹത്തിന് പ്രയോജനം ചെയ്യാത്ത കൽപനകൾ നല്കുന്ന മതമല്ല ഇസ്ലാം. അല്ലെങ്കിൽ അല്ലാഹുവും അവന്റെ റസൂലും കേവലം മനുഷ്യനെ ഏതെങ്കിലും തരത്തിലുള്ള നിർബന്ധത്തിലൂടെ അനുസരിപ്പിക്കുന്ന കൽപന നൽകാനാഗ്രഹിക്കുന്നുമില്ല. അല്ലാഹുവിന് നമ്മെ അനുസരിപ്പിക്കേണ്ട ഒരു ആവശ്യവുമില്ല. മറിച്ച് അവൻ നല്കുന്ന ഓരോ കൽപനയും നമ്മുടെ പ്രയോജനത്തിനു വേണ്ടിയാണ്.

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

**(ജുമുഅ ഖുത്ബ 4-10-2019)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

**(ജുമുഅ ഖുത്ബ 4-10-2019)**

**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ · Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 13 April 2023 Issue-15

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

നമ്മുടെ ജീവിതത്തെ സംസ്കരിക്കുന്നതിനു വേണ്ടിയാണ്. എന്നു മാത്രമല്ല, നമ്മുടെ ജീവിതത്തെ സംസ്കരിച്ചെടുക്കുന്ന അനുസരണത്തിലൂടെ അല്ലാഹുവിന്റെ തൃപ്തി നേടിക്കൊണ്ട് വിജയപ്രാപ്തരാകുന്നവരാകും. അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും വിശ്വാസികൾ വിളിക്കപ്പെടുമ്പോൾ, സമിഅ്നാ വ അത്വഅ്നാ(ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു) എന്ന് പറയുന്നവർ തന്നെയാണ് വിജയപ്രാപ്തരെന്ന് വിശുദ്ധ ഖുർആൻ ഒരു സ്ഥലത്ത് പ്രഖ്യാപിക്കുന്നു. കേട്ടതിനു പിന്നാലെ അനുസരിക്കുന്നവരാണ് വിജയം നേടുന്നവർ. അവർക്ക് വിശാലതയും നല്കപ്പെടുന്നു. സ്വയം ആഗ്രഹിക്കുന്ന പ്രയോജനപ്രദവും നല്ലതുമായ മോഹങ്ങളെ പ്രാപിക്കുന്നവരായി അവർ മാറും. നിശ്ചയമായും ഒരു വിശ്വാസിയുടെ ആഗ്രഹങ്ങളെന്നും നല്ലതുതന്നെയായിരിക്കും. അനാവശ്യമായതിനെ ആഗ്രഹിക്കുക സാധ്യമല്ല. തുടർന്ന് അവർ മംഗളവും നല്ലതുമായ അവസ്ഥകളെ പ്രാപിക്കുന്നു. അനുസരണം പുലർത്തുന്നവർക്ക് തന്നെയാണ് സന്തോഷങ്ങൾ പ്രാപ്തമാകുന്നതും അവരുടെ അവസ്ഥകൾതന്നെയാണ് ശ്രേയസ്കരമാകുന്നതും. അവർ അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരുന്നതാണ്. അല്ലാഹുവിന്റെ കൽപനകളനുസരിച്ച് പ്രവർത്തിക്കുന്ന കാരണത്താൽ ദൈവാനുഗ്രഹങ്ങൾ സ്ഥായിയായി നിലനില്ക്കുന്ന അവസ്ഥ അവർക്ക് ലഭിക്കുന്നതായിരിക്കും. അല്ലാഹു പറയുന്നു: **വമൻയുത്വിയില്ലാഹ വ റസൂലഹു വ യഖ്ശല്ലാഹ വ യത്തഖ്ഹി ഫ ഉലാഇക്ക ഹുമുൽഫായിസൂൻ** (24:53) അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും സൂക്ഷിക്കുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയികൾ. അവർക്ക് വിജയങ്ങൾ ലഭിക്കുന്നു. അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും കൽപനകളനുസരിച്ച് പ്രവർത്തിക്കുന്നവർക്ക്, ഓരോ കാര്യവും കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നവർക്ക് വിജയങ്ങളും പുരോഗതിയും ലക്ഷ്യപ്രാപ്തിയും ദൈവത്തിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശവും ലഭിക്കുന്നു. ജമാഅത്തിന്റെ വിജയവും പുരോഗതികളും ഇതുമായി തന്നെയാണ് ബന്ധപ്പെട്ട് നിൽക്കുന്നത്. സ്ത്രീയായാലും പുരുഷനായാലും ബയ്അത്ത് ചെയ്യുമ്പോൾ കേവലം താൽക്കാലികവും ഭൗതികവുമായ താൽപര്യങ്ങളാണ് എല്ലാമെല്ലാമെന്ന് ധരിക്കുകയില്ല, മറിച്ച്, സ്വന്തം ദീൻ മറ്റേതിനേക്കാളും തനിക്ക് പ്രഥമമാണെന്ന് മനസ്സിലാക്കി ഉടമ്പടിയിൽ ഏർപ്പെടുന്നു. ജമാഅത്തിന്റെ വ്യവസ്ഥിതിക്കും അതിന്റെ പുരോഗതിക്കുംവേണ്ടി ശ്രമം നടത്തുന്നു.

അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും കൽപനകളുടെമേൽ ദൃഷ്ടി പതിപ്പിക്കാൻ ശ്രമിക്കേണ്ടത് ഓരോ യഥാർഥ അഹ്മദിക്കും അനിവാര്യമാണ്. ഇതിൽത്തന്നെയാണ് നമ്മുടെ ജീവിതവും ശേഷിപ്പും. ഇതില്ലെങ്കിൽപ്പിന്നെ നമ്മുടെ ജീവിതം പൊലിഞ്ഞു പോകും. ഏതാനും നാളേക്കുള്ളതാണ് ഈ ഭൗതിക ജീവിതം. ഇതിനു ശേഷം ഭീതിജനകമായ പര്യവസാനവും സംഭാവ്യമാകാം. അല്ലാഹു ഓരോരുത്തരേയും ഇതിൽനിന്നു കാത്തു രക്ഷിക്കുമാറാകട്ടെ. തന്റെ കൽപനകളനുസരിച്ച് നടക്കുന്നതിന് ഇഹലോകത്ത് ശ്രേഷ്ഠത കരഗതമാക്കാനുള്ള സൗകര്യം അല്ലാഹു ഒരു ഭാഗത്ത് ഒരുക്കുമ്പോൾ അടുത്ത ലോകത്ത് ഇതിനേക്കാൾ പതിന്മടങ്ങ് പ്രതിഫലങ്ങൾക്ക് അവകാശിയാക്കി മാറ്റുന്നു.

ഇവിടെ വളർന്നു വരുന്നതോ അല്ലെങ്കിൽ പാകിസ്താനിൽനിന്ന് ഇവിടെ വന്നിട്ടുള്ളതോ ആയ പെൺമക്കളോടും ഞാൻ പറയുന്നു, ഈ സമൂഹത്തിൽ സ്ത്രീകൾക്ക് വളരെ അവകാശങ്ങളുണ്ടെന്നും സ്വാതന്ത്ര്യമുണ്ടെന്നും അതു കാരണമായാണ് ഈ ജനതകളുടെ പുരോഗതിയെന്നും നിങ്ങൾ മനസ്സിലാക്കുന്നുണ്ടാകാം. നിങ്ങൾ ഓർത്തു വെക്കുക, ഇവർക്ക് എന്തെങ്കിലും ഭൗതികമായ പുരോഗതി കരഗതമാകുന്നുണ്ടെങ്കിൽ അത് അവരുടെ കഠിനാധ്വാനം കാരണത്താലാണ്. ഭൗതികമായ അറിവിൽ കരസ്ഥമാക്കുന്ന പുരോഗതി കാരണത്താലാണ്. മതത്തിന്റേയും ആത്മീയതയുടേയും കോളം തികച്ചും ഇവരിൽ ശൂന്യമാണ്. ദൈവം ഉണ്ടോ ഇല്ലേ എന്നുള്ളത് ഇവർക്കൊരു ലക്ഷ്യമേയല്ല. ദൈവത്തിന്റെ കൽപനകളോ അതനുസരിച്ച് പ്രവർത്തിക്കണ്ടതോ അനിവാര്യമായി ഇവർ കാണുന്നില്ല. എന്നാൽ, ഇക്കാലഘട്ടത്തിൽ ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ജമാഅത്തിൽ ദീനിനുവേണ്ടിയും ഇഹലോകവും പരലോകവും നന്നാക്കാൻ വേണ്ടിയും പ്രവേശിച്ച ഒരു വിശ്വാസി അല്ലെങ്കിൽ വിശ്വാസിനി മതം അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും കൽപനപ്രകാരം നടക്കുന്നതിന്റെ പേരാണെന്ന് മനസ്സിലാക്കേണ്ടതാണ്. ദൈവത്തിന്റെ കൽപനയനുസരിച്ച് നടന്നു കൊണ്ട് കഠിനാധ്വാനം ചെയ്യുകയും അറിവിൽ പുരോഗതി നേടുകയും ചെയ്യുകയാണെങ്കിൽ ഇതെല്ലാം കിട്ടുമെന്ന് മാത്രമല്ല, ഭൗതികർക്ക് ലഭിക്കാത്ത ഒരുന്നതമായ കാര്യംകൂടി പ്രാപ്തമാക്കുന്നവരായി നിങ്ങൾ മാറും. മനുഷ്യജീവിതത്തിന്റെ ലക്ഷ്യം ആണത്. ദൈവത്തിന്റെ തൃപ്തിയാണത്. സ്വന്തം പര്യവസാനത്തിന്റെ സംസ്കരണമാണത്. വിജ്ഞാനത്തിലും ആത്മീയജ്ഞാനത്തിലും പുരോഗതി കൈവരിക്കുമെന്നുള്ളത് ഹദ്റത്ത് വാഗ്ദത്ത മസീഹിനോടും അദ്ദേഹത്തെ ആദരിക്കുന്നവരോടുമുള്ള ദൈവത്തിന്റെ വാഗ്ദാനമാണ്. ആത്മീയവും ഭൗതികവുമായ ഈ പുരോഗതികൾ അവർക്കാണോ നമുക്കാണോ ലഭിക്കുക. അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും കൽപനകളോട് പറ്റിച്ചേർന്നിരിക്കുന്നവർക്കാണ് അവന്റെ അനുഗ്രഹം കരസ്ഥമാകുന്നത്, ഹദ്റത്ത് വാഗ്ദത്ത മസീഹിനോട് അനുസരണ പ്രതിജ്ഞ ചെയ്തിരിക്കുന്നു എന്ന് നാം വാദിച്ചിരിക്കുമ്പോൾ ഈ ഭൗതിക സ്വാതന്ത്ര്യത്തിന്റെ പിന്നാലെ പോകുന്നതിനു പകരം മതത്തിന് ഭൗതികതയുടെ മേൽ മുൻഗണന നല്കുമ്പോഴാണ് നമ്മുടെ ഓരോ പ്രവർത്തിയിലും അനുഗ്രഹം കരഗതമാകുകയുള്ളൂ. ഇതു നാം ചെയ്യുമ്പോൾ ലോകം നമ്മുടെ അടിമകളാകും. ലോകം നിങ്ങളുടെ പിന്നാലെ ചലിക്കും. ഭൗതികർ നിങ്ങളിൽനിന്നും മാർഗദർശനം കരസ്ഥമാക്കുന്നവരാകും. ദൈവിക വാഗ്ദാനങ്ങളിൽ ദൃഢവിശ്വാസം ഇല്ലാത്തവർ ഇത്ര ചെറിയ ജമാഅത്തിന്റെ പിന്നാലെ ലോകം എങ്ങനെ ചലിക്കുമെന്ന് ശങ്കിച്ചേക്കാം. എന്നാൽ, അതിന്റെ അടയാളങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു എന്ന് നാം കാണുന്നു. ജർമനിയിൽ തന്നെ നോക്കുക, ഇന്നേക്ക് 10 വർഷം മുമ്പേ ജമാഅത്തിനെ കുറിച്ച് ഇവിടെയുണ്ടായിരുന്ന പ്രസിദ്ധി പത്തിരുപത് മടങ്ങ് അധികമായി ഇന്ന് വർധിച്ചിരിക്കുന്നു. അഭ്യസ്തവിദ്യരിൽ നമ്മുടെ കാര്യങ്ങൾക്ക് ഇപ്പോൾ ലഭിച്ചു വരുന്ന മൂല്യം ഇതിനു മുമ്പേ നമുക്ക് ഊഹിക്കാൻപോലും സാധിക്കാത്തത്രയാണ്. സമൂഹങ്ങളുടെ പുരോഗതി ഇവ്വിധം പലഘട്ടങ്ങൾ താണ്ടിക്കടക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഉദിച്ചുയരുന്ന ഓരോ ദിനവും നമുക്ക് പുരോഗതിയുടെ ഘട്ടങ്ങൾ ദൃശ്യമാക്കുന്നു. എന്നാൽ, നമുക്ക് ലഭിച്ച ഈ സ്വീകാര്യത ദീനിൽനിന്നു വേറിട്ടു കൊണ്ടല്ല, സദാ ഓർമയിൽ വെക്കുക, ദീനിൽ അമരത്വം നിലനിറുത്തിയാൽ മാത്രമേ അഹ്മദിയ്യാ ജമാഅത്തിന് പ്രസക്തിയുള്ളൂ.

ഒരു വിധത്തിലുമുള്ള അപകർഷതാ ബോധത്തിന്റേയും ആവശ്യമില്ല. ഓരോ അഹ്മദീ സ്ത്രീയും പുരുഷനും അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള അനുസരണത്തെ തന്റെ ജീവിതമാക്കാൻ ശ്രമിക്കുക. വിജയത്തിന്റെ ഘട്ടങ്ങൾ സത്വരം താണ്ടിക്കടക്കുന്നതിന് ഇതിന്റെ ആവശ്യമുണ്ട്. ആർക്കെങ്കിലും കേവലം ഭൗതികതയുടെ അലങ്കാരങ്ങളും വേവലാതിയും മതിയെങ്കിൽ അവർക്ക് നിസ്സംശയം അതിന്റെ പിന്നാലെ പോകാവുന്നതാണ്. അവർക്ക് നാമമാത്രമായ സ്വാതന്ത്ര്യം കിട്ടുകയും ചെയ്യും. എന്നാൽ, ഓർത്തുകൊള്ളുക, ഈ സ്വാതന്ത്ര്യത്തിന്റെ പിന്നാലെ അതിന്റെ അസ്വസ്ഥതകളുമുണ്ടാകും. ഈ ഭൗതികർ അസ്വസ്ഥരാണ്. അവരുടെ അസ്വസ്ഥതകൾ പ്രകടവുമാണ്. പുറത്തു കാണുന്ന ഈ അലങ്കാരങ്ങൾ തികച്ചും ഉപരിപ്ലവമാണ്. അകം തികച്ചും പൊള്ളയാണ്. പ്രത്യക്ഷ കളിതമാശകളും ഡാൻസും ക്ലബ്ബും ചിരിയും കളിയും മദ്യപാനവും ഇവരുടെ ഹൃദയങ്ങൾ അനുഭവിക്കുന്ന അസ്വസ്ഥതകളെ അകറ്റാനുള്ള ഉപരിപ്ലവമായ വഴികൾ മാത്രമാണ്.

(തുടരും)

## ത്വാലിബെ ദുആ

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

**(വിശുദ്ധ ഖുർആൻ 54:18)**

## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

**KHAIRUL ISLAM JAYGAM-WEST-BENGAL Phone: 97348 44732**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin